



# e-അരങ്ങ്

## 2023 - 24

GHSS
RAMAPURAM
36065

# ആമുഖം

രാമപുരം ഗവ . എച്ച് .എസ്സ്. എസ്സ് .ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ '' e-അരങ്ങ് ' എന്ന ഡിജിറ്റൽ മാഗസീൻ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കുന്ന നല്ല ഓർമകൾക്കൊപ്പം ഞങ്ങളുടെ ഈ മാഗസിനും ചേർത്തു വയ്ക്കുമല്ലോ.കഥയും കവിതയും ലേഖനങ്ങളും ഒക്കെ   ചേർത്ത് വർണപ്പകിട്ടാർന്ന ഒരു കൊച്ചു ലോകം തന്നെ മാഗസിനിൽ സൃഷ്ടിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഇതിൽ വന്നു ചേരാൻ ഇടയുള്ള പിഴവുകൾ സദയം പൊറുത്തുകൊണ്ട്
ഞങ്ങളുടെ സൃഷ്ടികൾ ഇഴചേർന്നിട്ടുള്ള ഈ മാഗസിന് എല്ലാവരുടെയും അനുഗ്രഹാശംസകൾ ഉണ്ടാകണം. ഏവർക്കും ഇഷ്ടമാകും എന്ന പ്രതീക്ഷയോടെ

എഡിറ്റർ

# ആശംസകൾ

രാമപുരം ഗവൺമെന്റ് എച്ച് എസ്സ് എസ്സ് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അവരുടെ ചിന്തകളും ആശയങ്ങളും സ്വപ്നങ്ങളും അനുഭവങ്ങളും കഥകളായും കവിതകളായും വരകളായും നറു ചിന്തകളായും ആധുനിക സാങ്കേതികവിദ്യയിലൂടെ പുറത്തിറങ്ങുന്ന ഡിജിറ്റൽ മാഗസിന് എന്റെ ഹൃദ്യമായ ആശംസകൾ



Thanooja D Rajan
Principal G H S S Ramapuram

അറിവിന്റെ അനന്തമായ
വിഹായസ്സിലേയ്ക്കു ചിറക് വീശി പറക്കാൻ
ഒരോ  കുട്ടിക്കും പ്രേരണ നൽകുന്നത്
വിദ്യാലയ ജീവിതമാണ്.വിദ്യാലയത്തിൽ
നിന്നും അവർക്ക് ലഭിക്കുന്ന അനുഭവ സമ്പത്തു
തന്നെയാണ് ആത്മാവിഷ്കാരങ്ങൾ ഉൾച്ചേർന്നു
രൂപപ്പെടുന്ന സ്കൂൾ മാഗസിൻ. അതിൽ
വിദ്യാലയത്തിന്റെ മുഴുവൻ സ്പന്ദനങ്ങളും ഹൃദയം
കൊണ്ട് തൊട്ടറിയാൻ കഴിയും.നമ്മുടെ സ്കൂളിലെ ഈ
മാഗസിന്റെ നിർമ്മാണ പ്രക്രിയയിൽ പങ്കാളികളായ എല്ലാ
കുട്ടികൾക്കും അധ്യാപർക്കും എല്ലാ വിധ ആശംസകളും
നേരുന്നു.



സ്നേഹത്തോടെ,

ഹെഡ്മിസ്ട്രസ്സ്

പ്രവദ എം

പ്രിയപ്പെട്ട കുട്ടികളെ.....

ഞാൻ പഠിച്ച എന്റെ സ്ക്കൂളിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ അവസരം ലഭിച്ചതിൽ ഞാൻ എന്നും അഭിമാനിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കുന്ന ഏതു പദ്ധതികളും ഏറ്റെടുത്ത് നടത്തുന്നതിൽ നമ്മുടെ സ്ക്കൂൾ മുൻപിൽ തന്നെയാണ്.. അതിൽ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന അധ്യാപകരെ ഞാൻ അഭിനന്ദിക്കുന്നു. സാങ്കേതികവിദ്യയിലൂടെ കുട്ടികളുടെ കഴിവിനെ വളർത്തിയെടുക്കുവാൻ വേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി നമ്മുടെ സ്ക്കൂളിൽ ഇറക്കുന്ന ഡിജിറ്റൽ മാഗസിനിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അധ്യാപകരെയും അഭിനന്ദിക്കുകയും അതിനു വേണ്ടി സൃഷ്ടികൾ നടത്തിയ എല്ലാ കുഞ്ഞുങ്ങളെയും അനുമോദിച്ചു കൊണ്ടും ഈ മാഗസിന്റെ എല്ലാ വിജയങ്ങൾക്കും ആശംസകൾ നേരുന്നു.....

പി മധു
എസ് എം സി ചെയർമാൻ



പ്രിയപ്പെട്ട കുട്ടികളെ ..... ഏറെ സന്തോഷം, നമ്മുടെ സ്ക്കൂളിലെ കുട്ടികളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നു എന്നറിയുന്നത് . സാങ്കേതികവിദ്യ നമ്മുടെ കുട്ടികൾ അപ്രാപ്യമായ ഒരു കാലഘട്ടത്തിൽ നിന്ന് ഏറെ ഉയരങ്ങളിൽ എത്താൻ നമ്മുടെ ലിറ്റിൽകൈറ്റ്സിന് കഴിയുന്നുണ്ട്. ഇത് ഗുണപരമായി ഉപയോഗിക്കാനും വരും തലമുറയ്ക്ക് പകർന്നു നൽകാനും കഴിയണം. ആനിമേഷൻ, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ കഴിവ് തെളിയിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയുന്ന ഘട്ടത്തിലാണ് രാമപുരം ഹയർ സെക്കന്ററി സ്ക്കൂളിലെ "ലിറ്റിൽകൈറ്റ്സ് "കുട്ടികൾ ഡിജിറ്റൽ മാസികയുമായി എത്തിയിരിക്കുന്നത്. നിങ്ങളുടെ ഈ മഹത്തായ ഉദ്യമത്തിന് എല്ലാ പിന്തുണയും അറിയിക്കുന്നു. ഒപ്പം ആശംസകളും.....

ഒത്തിരി സ്നേഹത്തോടെ,
യു. നാസറുദീൻ
PTA പ്രസിഡന്റ്
GHSS രാമപുരം



രാമപുരം ഗവ : എച്ച് എസ്സ് എസ്സ് 2023-24 വർഷത്തെ സ്ക്രൂൾ മാഗസിൻ 'e' - അരങ്ങ് എന്ന പേരിൽ പ്രസിദ്ധികരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഈ മാഗസിൻ നിർമ്മാണത്തിനു വേണ്ടി പ്രയത്നിച്ച ലിറ്റിൽകൈറ്റ്സ് അംഗങ്ങളായ കുഞ്ഞുമക്കൾക്കും അധ്യാപർക്കും സ്നേഹത്തോടെ ആശംസകൾ നേരുന്നു.

മായ.N
സീനിയർ അസിസ്റ്റന്റ്



ലിറ്റിൽകൈറ്റ്സ് അംഗങ്ങളായ കുട്ടികളുടെയും ചാർജ്ജ് വഹിക്കുന്ന അധ്യാപകരുടെയും കൂട്ടായ സംരംഭമായ ' e ' - അരങ്ങ് എന്ന മാഗസിന് ഹൃദയത്തിൽ നിന്നും നേരുന്നു ആശംസകൾ.

ദീപ S
സ്റ്റാഫ് സെക്രട്ടറി



നമ്മുടെ സ്ക്രൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ' e അരങ്ങ് ' മാഗസീന് എല്ലാവിധ വിജയാശംസകളും നേരുന്നു

സ്നേഹത്തോടെ ,
സുനിത R
senior UP section



# Editorial Board


Pravada M (HM)

Rahim M (HST Malayalam)

Priya P G (Kite mistress)

Dhanya M (Kite mistress)

Jijo John ( LK member)

Riyaz S (LK member)

Goutham Krishna (LK Member)

Anagha Rajesh (LK member)

Hina Fathima (LK member)

Abhinav B (LK member)

# ഉള്ളടക്കം


ആമുഖം........................................................................................1
ഗവ. എച്ച് എസ് എസ് രാമപുരം.......................................................8
അനശ്വരം..................................................................................12
KRISHNAPURAM PALACE.........................................................13
ഇരുൾ വഴികളിൽ അഗ്നിശുദ്ധി.......................................................15
ആവർത്തന പട്ടികയുടെ ചരിത്രം......................................................16
വൃദ്ധപരിചരണം..........................................................................18
പൊയ് പോയകാലം.......................................................................19
Riddles......................................................................................20
ഒരു കൊറോണക്കാല പരീക്ഷ..........................................................22
പഴഞ്ചൊല്ലുകൾ...........................................................................24
Poets in Hindi............................................................................25
BHASKARACHARYA'S CONTRIBUTION OF LEELAVATI......27
ജ്ഞാനം.....................................................................................28
കടങ്കഥകൾ.................................................................................29
മയക്കുമരുന്നുകൾ .......................................................................30
ഒരു ഞാവൽ മരത്തിന്റെ ഓർമ്മക്കുറിപ്പ് ..........................................32
കടംകഥകളുടെ ഉത്തരങ്ങൾ ...........................................................34
നാനോടെക്നോളജി........................................................................35
രസികൻ നിറങ്ങൾ........................................................................36
ആൽബട്രോസ്, നിന്നോട്..............................................................38
എന്റെ നാട്..................................................................................39
ഹാങ്ങർ പട്ടികയും ടീച്ചിങ് നോട്ടും..................................................40
പൊയ്മുഖം..................................................................................42
കുസൃതി ചോദ്യങ്ങൾ ...................................................................43
അന്വേഷണം................................................................................45
രസതന്ത്രത്തിന്റെ കൗതുകങ്ങൾ......................................................46
ലഹരി ജീവന് ആപത്ത്...................................................................47
FUN FACTS ABOUT SWITZERLAND.........................................48
ഗണിതശാസ്ത്രത്തിന്റെ ചരിത്രം......................................................50
കുഞ്ഞറിവുകൾ............................................................................52
Poem.........................................................................................59
Polygonal numbers.....................................................................60
കുഞ്ഞിളം കാറ്റ് .........................................................................61
എന്റെ വിദ്യാലയം........................................................................62

# ഗവ. എച്ച് എസ് എസ് രാമപുരം [ഞങ്ങളുടെ സ്കൂൾ ]

## ചരിത്രം

രാജഭരണകാലത്ത് നിലവിൽ വരുകയും പ്രവൃത്തിവിദ്യാലയം , വെർണാക്കുലർമിഡിൽ സ്കൂൾ , ന്യൂടൈപ്പ്മിഡിൽസ്കൂൾ , UPസ്കൂൾ , ഹൈസ്കൂൾ , ഹയർ സെക്കന്ററി എന്നീപരിണാമപ്രക്രിയകളിലൂടെ കടന്ന് ആലപ്പുഴ റവന്യൂ ജില്ലയിൽ ,മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ ,കായംകുളം ഉപവിദ്യാഭ്യാസ ജില്ലയിൽ, കായംകുളം പട്ടണത്തിൽ നിന്നും 5 കി.മി വടക്ക മാറി ദേശീയപാത 66 നോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആലപ്പുഴ ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയമാണിത്. 1980 ൽ ഹൈസ്ക്കൂളായി ഉയർത്തപെട്ട രാമപുരം സർക്കാർ ഹൈസ്ക്കൂളിന് ഇപ്പോൾ 125 വർഷത്തെ ചരിത്രം പറയുവാനുണ്ട് ഒരു നൂറ്റാണ്ടിനുമപ്പുറം തിരുവാതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാളിന്റെ പ്രജാസഭയിൽ അംഗമായിരുന്ന വാദ്ധ്യാരമ്മാവൻ എന്ന് ആദരപൂർവ്വം നാട്ടുകാര് വിളിച്ചിരുന്ന തെക്കടത്ത് ശ്രീ .കെ. ആർ. ഗോവിന്ദപിള്ള അവർകളുടെ ശ്രമ ഫലമായാണ് ഒരുപ്രാഥമിക വിദ്യാലയം ഇവിടെ സ്ഥാപിതമായത്.



## മഹത് വ്യക്തിത്വങ്ങൾ

രാമപുരം സ്ക്കൂൾ സമൂഹത്തിന് സമ്മാനിച്ച മഹത് വ്യക്തിത്വങ്ങളാണ്നാടകകൃത്തായ രാമപുരം ദാമോദരനാചാരി (ആശാരിസാർ), സാഹിത്യകാരി മുതുകുളം പാർവ്വതിയമ്മ , കഥകളി സംഗീതജ്ഞനായ പത്തിയൂർ കൃഷ്ണപിള്ള, പ്രസിഡന്റിന്റെ അവാർഡ് ലഭിച്ച തുള്ളൽ കലാകാരൻ ഏവൂർ ദാമോദരൻ നായർ, സ്വാതന്ത്ര്യ സമരസേനാനിയും ഹിന്ദി പ്രചാരസഭയുടെ പ്രവർത്തകനുമായിരുന്ന ശ്രീ.കെ.എസ് രാഘവൻപിള്ള തുടങ്ങിയവരെല്ലാം ഈ സരസ്വതീക്ഷേത്രത്തിന്റെ സംഭാവനയാണ് .

## ഭൗതികസൗകര്യങ്ങൾ

എന്നാൽ ഭൗതീകമായ ഇതരചുറ്റുപാടുകൾ വളരെ പരിമിതമായ തോതിൽ മാത്രമുള്ള

സ്ക്കൂൾക്കൂടിയാണ് ഇത്. രണ്ട്ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്ക്കൂളിന് 6 കെട്ടിടങ്ങളിലായി 20 ക്ലാസ് മുറികളും ഹയർ സെക്കന്ററിക്ക് രണ്ട് കെട്ടിടത്തിലായി ആറും നാലും വീതം പത്ത് ക്ലാസ് മുറികളുമുണ്ട്. ഹൈസ്ക്കൂളിനും ഹയർസെക്കന്ററിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം ഇരുപതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

## ഓഡിയോ വിഷ്വൽ ഹാൾ

സ്ഥലപരിമിതിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ എല്ലാ സൗകര്യങ്ങളോടും കൂടിയ ഓഡിയോ വിഷ്വൽ ഹാളും ഹയർസെക്കന്ററിയ്ക്കും ഹൈസ്ക്കൂളിനും ഒരുക്കിയിട്ടുണ്ട്.ഇരുപത് കമ്പ്യൂട്ടറുകളും,പ്രിൻററും,സ്ക്കാനറും,പ്രൊജെക്റ്ററും, ഇൻറർനെറ്റ് സൗകര്യവും ഉൾപ്പെടുത്തി വിശാലമായ രണ്ട് കമ്പ്യൂട്ടർ ലാബുകളും ഹയർസെക്കണ്ടറിക്കും,ഹൈസ്ക്കൂളിനും,യു.പി.ക്കും വേണ്ടി ഒരുക്കിയിട്ടുണ്ട്.

## ഡിജിറ്റൽ ലൈബ്രറി

ആലപ്പുഴ ജില്ലയിൽ ഡിജിറ്റൽ ലൈബ്രറി ഉള്ള ഒരേ ഒരു സ്ക്കൂൾ ഞങ്ങളുടേതാണ്.ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി യു പ്രതിഭയാണിത് ഞങ്ങളുടെ സ്ക്കൂളിന് നേടിത്തന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്താൽ പ്രവർത്തിക്കുന്നതിനാൽ നമ്മുക്ക് ഏതു മേഖലയിലും അറിവ് നിമിഷങ്ങൾ




ക്കുള്ളിൽ സ്വായത്തമാകുവാൻ കഴിയുന്നു. കാറ്റലോഗും വിവരങ്ങളുടെ ഡാറ്റയും ഒരേ തരത്തിൽ ഉപയോഗിക്കാൻ കഴിയുന്നു. വളരെ എളുപ്പത്തിലും നിമിഷങ്ങൾക്കുളിലും നമ്മുക്ക് ഇഷ്ടമുള്ള എഴുത്തുകാരുടെ സൃഷ്ടികളിലേക്ക് എത്തിച്ചേരുവാൻ കഴിയും. കൂടാതെ ജികെ എൻട്രൻസ് എക്സാം  എന്നിവയുമൊക്കെയായി ബന്ധപ്പെട്ടചോദ്യ ശേഖരങ്ങളും ഇതിലുണ്ട്.



# സ്ടീം ലാബ്

**സയൻസ്,ടെക്നോളജി, എഞ്ചിനീറിങ്,ആർട്സ്**

**മാത്സ്,എന്നീ വിവിധ മേഖലകളിൽ കുട്ടികൾക്ക് പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുവാൻ ഈ ലാബ് വളരെയധികം**

**സഹായകമാണ്.ഇത് യാഥാർഥ്യത്തിൽ ഒരു ഹബ് ആയിട്ടാണ് പ്രവർത്തിക്കുന്നത്. സബ് ജില്ലയിലെ മറ്റു സ്കൂളുകൾക്കും കൂടി ഇത് പ്രയോജനപ്പെടുത്തുവാൻ തീർച്ചയായും സാധിക്കും.കുട്ടികൾക്ക് ഉയർന്ന ലെവലിൽ ഉള്ള പഠനത്തിന് ഇത് സഹായകമാണ്.**












# സംസ്ഥാന തലത്തിലെ സ്കൂൾ പ്രതിഭകൾ

# അനശ്വരം



ഉരുകിയുരുകിത്തീരുമി
മെഴുകുതിരിനാളത്തെ
സ്നേഹിക്കുമൊരു മുഗ്ദ്ധ -
സൗന്ദര്യത്തിന്നാഴത്തിൽ
കാണുന്നു ഞാനതിൻ  ദർശനം ശോഭനം
ഉജ്ജ്വല ത്യാഗത്തിൻ  സ്നേഹാമൃതം
ചൂഴുന്നൊരീ ക്രൂരിരുട്ടിൻ മറനീക്കി
വിശ്വ ദീപത്തിലൊരു മിന്നാമിന്നിതൻ
വെളിച്ചമായ് മാറാൻ കഴിഞ്ഞെങ്കിൽ
മാർഗ്ഗം തെളിച്ചിടാൻ ഈ കിടാങ്ങൾക്കായ്
എന്നാത്മ ദീപം കൊളുത്തി വയ്ക്കട്ടെ ഞാൻ
ധന്യമീ നിമിഷങ്ങൾ.....
മന്നിലീ ജന്മം സാർത്ഥകം....

ശ്രീദേവി മേനോൻ
HST Malayalam





Now the Palace is maintained by the Department of Archaeology.



# KRISHNAPURAM PALACE

Krishnapuram Palace and Museum located in Kayamkulam, Alappuzha District, Kerala State. It was built in the 18th century by Anizham Thirunal Marthanda Varma, the ruler of the former princely state of Travancore. The place is situated between the towns of Oachira and Kayamkulam, near NH 66. The Palace is situated near the Sree krishnaswamy Temple.,

This Palace was the residence of the Kayamkulam Royal Family.

## ARCHITECTURAL STYLE

This palace is built as the typical Kerala style of architecture like Puthinarukettu with gabled roofs, narrow corridors and dormer windows.

## GAJENDRAMOKSHAM

Many Kerala style paintings are seen in the Palace. Major attraction of the Palace painting is 'Gajendramoksham



According to Hindu mythology this event is about the elephant king Gajendra salutes Lord Vishnu as the other Gods and Goddesses look on it. It is a wonderful piece of art is a feast of colours.

## KAYAMKULAM VAAL (SWORD)

Another important exhibit in the

Palace is 'Kayamkulam Vaal' (Sword). Important features



of the sword is that both its sides are sharpened, making it more dangerous than other weapons. It has been used by the protectors(chavers) of Kayamkulam

Raja in the 18th century. They were selected from different' Kalaris. Their service was free

BUDDHA MANDAPAM

Another important attraction of the Palace is Buddha Mandapan (hall). It is an attractive statue of one of the four antique Buddhas of the 10th century it is located in the finely landscaped and tended garden with profusion of flower plants that surrounds the Palace complex.



This idol has a skull cap adomed with lines of pearls or diamonds that represents the highest wisdom attained by Buddha.

EXHIBITIONS

Other exhibits of the Museum include a copy of the Bible in Sanskrit language, utensas, coins, oll lamps, furniture, miniature of figures, rock pillar inscriptions, monumerits etc

Sheeja A M

HST



# ഇരുൾ വഴികളിൽ അഗ്നിശുദ്ധി



ഇരുളിനെ കീറി മുറിച്ചു മുഴങ്ങുന്ന പള്ളി
മണികൾ
ഓർമ്മയുടെ ഒറ്റപ്പെട്ട  തുരുത്തുകളിൽ
ക്രിസ്മസ് രാവുകളുടെ
നിറം മങ്ങിയ ചിത്രങ്ങൾ
മഞ്ഞുത്തുള്ളികൾ വീണ് , തണുത്ത
സ്വപ്നങ്ങളിൽ കുളമ്പടിയൊച്ചകൾ .
വെളിച്ചത്തിൽ കടിപിടികൂടുന്ന
തെരുവുനായകൾ
ഇരുളിരവിൽ മുറിവുകൾ ചാരംപൂശി
ഉണക്കുന്നു .
അമ്മമാരുടെ തോരാക്കണ്ണീർക്കയങ്ങളിൽ
കാമാന്ധരുടെ മരണം
നമുക്ക് കിനാവ് കാണാം.
മലയോരങ്ങളിൽഉറക്കം നഷ്ടപ്പെട്ടവർ
പ്രളയ പേടിയാൽ കിടുങ്ങി വിറയ്ക്കുന്ന
ഭൂചലങ്ങളിൽ തരിച്ചു നിൽക്കുന്നു
മണിമേടകളിൽ ചർച്ചകൾ .
ഇരുൾ മറവിൽ ചഷകങ്ങൾ
മറന്നു പോകുന്നു പലപ്പോഴും.
പേടിച്ചരണ്ട കണ്ണുകളിലെ നീർച്ചാലുകൾ
മൂല്യബോധം പണയം വച്ച് ചൂത് കളിയ്ക്കുന്ന
ശകുനി മുടന്തുകാലുമായ്
ആ വഴി പോയത് ഇരുളിലൂടെ
പതിയെ പാഴ് വസ്തുവായ് പണയംവച്ച
ധർമപുത്രൻ
ഒളിഞ്ഞു കടന്നതും ഇരുളിലൂടെ

ശ്രീരാമൻ കൈവിട്ട മൈഥിലി
ഏകാന്തതയുടെ
ഇരുൾ നിറഞ്ഞ ഉൾക്കാട്ടിലെത്തും
വരെയും
അറിയാതെ പോയ്
തന്റെ വിശുദ്ധിയളർന്ന
രാമമാനസം
ക്രൂരം! നിഷ്ഠൂരം! ഇരുൾ വഴികൾ!
ചോരപൊടിയുന്ന ഈ വാശികളിൽ
അഗ്നി പുനർജ്ജനിക്കുമോ
നാവു നീട്ടി നക്കിയെടുക്കുമോ
അനീതിയുടെ ഇരുൾ മാടങ്ങളെ?



ദീപഹരീന്ദ്രനാഥ്
HST

# ആവർത്തന പട്ടികയുടെ ചരിത്രം



മൂലകങ്ങളുടെ ആവർത്തനപ്പട്ടിക എന്നും അറിയപ്പെടുന്ന ആവർത്തനപ്പട്ടിക രാസഘടകങ്ങളെ വരികളായും നിരകളായും ക്രമീകരിക്കുന്നു. മൂലകങ്ങളെ അവയുടെ ആറ്റോമിക സംഖ്യകളുടെ ക്രമത്തിൽ ക്രമീകരിക്കുമ്പോൾ അവയുടെ ഗുണങ്ങളുടെ ഏകദേശ ആവർത്തനം പ്രകടമാകുമെന്ന് പറയുന്നു. പട്ടികയെ ബ്ലോക്കുകൾ എന്ന് വിളിക്കുന്ന നാല് ചതുരാകൃതിയിലുള്ള പ്രദേശങ്ങളായി തിരിച്ചിരിക്കുന്നു ഒരേ ഗ്രൂപ്പിലെ മൂലകങ്ങൾ സമാനമായ രാസ സ്വഭാവസവിശേഷതകൾ കാണിക്കുന്നു

ലംബവും തിരശ്ചീനവും ഡയഗണൽ ട്രെൻഡുകളും ആവർത്തനപ്പട്ടികയുടെ സവിശേഷതയാണ് ഒരു ഗ്രൂപ്പിൽ നിന്ന് താഴേക്ക് പോകുമ്പോൾ ലോഹ സ്വഭാവം വർദ്ധിക്കുകയും ഒരു കാലയളവിൽ ഇടത്തുനിന്ന് വലത്തോട്ട് കുറയുകയും ചെയ്യുന്നു ആവർത്തനപ്പട്ടികയുടെ താഴെ ഇടത്തുനിന്ന് മുകളിൽ വലത്തോട്ട് പോകുന്ന നോൺമെറ്റാലിക് പ്രതീകം വർദ്ധിക്കുന്നു

പൊതുവായി അംഗീകരിക്കപ്പെട്ട ആദ്യത്തെ ആവർത്തനപ്പട്ടിക 1869 ൽ റഷ്യൻ രസതന്ത്രജ്ഞനായ ദിമിത്രി മെൻഡലീവിന്റെതായിരുന്നു അവൻ ആനുകാലിക നിയമം രൂപപ്പെടുത്തിയത് ആറ്റോമിക് പിണ്ഡത്തെ അടിസ്ഥാനമാക്കിയുള്ള രാസ ഗുണങ്ങളെ ആശ്രയിച്ചാണ് എല്ലാ ഘടകങ്ങളും അന്ന് അറിയപ്പെട്ടിരുന്നില്ല എന്നതിനാൽ അദ്ദേഹത്തിന്റെ ആവർത്തനപ്പട്ടികയിൽ വിടവുകൾ ഉണ്ടായിരുന്നു കൂടാതെ മെൻഡലീവ് ആവർത്തന നിയമം വിജയകരമായി ഉപയോഗിച്ച് ചില നഷ്ടമായ മൂലകങ്ങളുടെ ചില സവിശേഷതകൾ പ്രവചിച്ചു പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആനുകാലിക നിയമം ഒരു അടിസ്ഥാന കണ്ടെത്തലായി അംഗീകരിക്കപ്പെട്ടു 20 ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആറ്റോമിക് നമ്പറുകളുടെ കണ്ടെത്തലിലൂടെയും ക്വാണ്ടം മെക്കാനിക്സിലെ അനുബന്ധ പയനിയറിംഗ് പ്രവർത്തനങ്ങളിലൂടെയും ആറ്റത്തിന്റെ ആന്തരിക ഘടനയെ പ്രകാശിപ്പിക്കുന്നതിന് സഹായിക്കുന്ന രണ്ട് ആശയങ്ങളും ഇത് വിശദീകരിക്കപ്പെട്ടു ആക്ടിനൈഡുകൾ യഥാർത്ഥത്തിൽ ഡി ബ്ലോക്ക് മൂലകങ്ങളേക്കാൾ എഫ് ബ്ലോക്ക് ആണെന്ന് ഗ്ലെൻ ടി സീബോർഗിന്റെ കണ്ടെത്തലോടെ 1945 ൽ പട്ടികയുടെ ഒരു ആധുനിക രൂപത്തിലെത്തി ആവർത്തനപ്പട്ടികയും നിയമവും ഇപ്പോൾ ആധുനിക രസതന്ത്രത്തിന്റെ കേന്ദ്രവും ഒഴിച്ചുകൂടാനാവാത്തതുമായ ഭാഗമാണ്

ശാസ്ത്രത്തിന്റെ പുരോഗതിക്കൊപ്പം ആവർത്തനപ്പട്ടികയും വികസിച്ചുകൊണ്ടിരിക്കുന്നു പ്രകൃതിയിൽ ആറ്റോമിക നമ്പർ 94 വരെയുള്ള മൂലകങ്ങൾ മാത്രമേ നിലനിൽക്കുന്നുള്ളൂ

കൂടുതൽ മുന്നോട്ട് പോകാൻ  ലബോറട്ടറിയിൽ പുതിയ മൂലകങ്ങൾ സമന്വയിപ്പിക്കേണ്ടതുണ്ട് ഇന്ന്  എല്ലാ ആദ്യത്തെ 118 മൂലകങ്ങളും അറിയാമെങ്കിലും  അതുവഴി പട്ടികയുടെ ആദ്യ ഏഴ് വരികൾ പൂർത്തിയാക്കി  ഭാരമേറിയ മൂലകങ്ങൾക്ക് അവയുടെ ഗുണങ്ങൾ അവയുടെ സ്ഥാനങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് സ്ഥിരീകരിക്കുന്നതിന് രാസ സ്വഭാവം ഇപ്പോഴും ആവശ്യമാണ്  ഈ ഏഴ് വരികൾക്കപ്പുറത്തേക്ക് പട്ടിക എത്ര ദൂരം പോകുമെന്നും പട്ടികയുടെ അറിയപ്പെടുന്ന ഭാഗത്തിന്റെ പാറ്റേണുകൾ ഈ അജ്ഞാത മേഖലയിൽ തുടരുമോയെന്നും ഇതുവരെ അറിവായിട്ടില്ല  ഇന്നത്തെ പട്ടികയിൽ ചില മൂലകങ്ങൾ ശരിയായ സ്ഥാനത്താണോ എന്നതിനെക്കുറിച്ചുള്ള ചില ശാസ്ത്രീയ ചർച്ചകളും തുടരുന്നു  ആവർത്തന നിയമത്തിന്റെ നിരവധി ബദൽ പ്രതിനിധാനങ്ങൾ നിലവിലുണ്ട്  കൂടാതെ ആവർത്തനപ്പട്ടികയുടെ ഒപ്റ്റിമൽ രൂപമുണ്ടോ എന്നതിനെക്കുറിച്ച് ചില ചർച്ചകൾ നടക്കുന്നുണ്ട്




Jibi Zara Zachria
9C

# വൃദ്ധപരിചരണം

നമ്മുടെ സമൂഹത്തിലെ മനുഷ്യരിൽ ഇരുപതു ശതമാനത്തിലധികം വൃദ്ധജനങ്ങളാണ് .ജീവിതകാലം മുഴുവൻ അധ്വാനിച്ചതിന് ശേഷം വാർദ്ധക്യത്തെ അഭിമുഖരിക്കുമ്പോൾ അവർക്കു അനേകം പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു. തിരക്കുപിടിച്ച ആധുനിക ജീവിതത്തിൽ വൃദ്ധജനങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നു. മാറി വരുന്ന സാമൂഹ്യ പരിതഃസ്ഥിതിയിൽ വൃദ്ധജനങ്ങൾ വർധിച്ചു വരികയാണ് തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളും നിരവധിയാണ് . യുവത്വത്തിന്റെ ആഘോഷമാണ് നാം എവിടെയും കാണുന്നത്. യുവത്വമാണ് ഇവിടെ പ്രധാനം . അതുകൊണ്ടുതന്നെ വൃദ്ധജനങ്ങളും യുവാവിന്റെ / യുവതിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടാനാണ് ആഗ്രഹിക്കുന്നത് .സമൂഹത്തിന്റെ സ്വീകാര്യതക്കുവേണ്ടി അവർ പുതിയ വേഷം കെട്ടുന്നു. അവഗണിക്കപ്പെടുന്ന വാർദ്ധക്യം ഒരു യാഥാർഥ്യമാണ് . വൃദ്ധജനങ്ങളെ പരിപാലിക്കുന്നതിൽ നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു . അവർ സ്വന്തം ജീവിതം സമർപ്പിച്ചവരാണ് . അവർ ഒരുക്കിത്തന്ന വഴിലൂടെയാണ് നാം മുന്നേറുന്നത് എന്ന സത്യം വിസ്മരിക്കരുത് .വൃദ്ധരെ ശല്യമായി കരുതി വൃദ്ധസദനത്തിലും തെരുവിലും തള്ളുമ്പോൾ നാളെ നമ്മെ കാത്തിരിക്കുന്ന അനുഭവം മറ്റൊന്നല്ല എന്ന് ഓർക്കുന്നത് നന്ന് .

വൃദ്ധ ജനങ്ങളെ സംരക്ഷിക്കേണ്ടത് വ്യക്തിയുടെയും സമൂഹത്തിന്റെയും ധർമ്മമാണ്. അവരുടെ അനുഭവസമ്പത്തും അറിവും പക്വതയും നാം ശരിയായ വിധത്തിൽ പ്രയോജനപ്പെടുത്തണം. അവരുടെ ഏകാന്തതയിൽ ആശ്വാസവും സാന്ത്വനവും നൽകണം.വൃദ്ധജനകളെ പരിഗണിക്കുകയും അവരെ നമ്മുടെ ജീവിതത്തോട് ചേർത്ത് നിർത്തുകയും വേണം. അവരെ മാറ്റി നിർത്തിയാൽ സമൂഹം അപൂർണ്ണമാകും. വൃദ്ധജനങ്ങൾ നടന്നു തീർത്തത് വരും തലമുറക്ക് വേണ്ടിയാണ് എന്ന യാഥാർഥ്യം തിരിച്ചറിഞ്ഞു നമ്മുക്ക് മുന്നോട്ടു പോകാം.

Sreehari
7C



## പൊയ് പോയകാലം

എഴുതുവാൻ കൊതിച്ചവരികളത്രയും
ഇരുളിന്റെ മറവിലെന്നോ ഒളിച്ചുവോ
ഒരു തിരിവെട്ടമെന്നു തെളിയുമാ
വരികളത്രയുമോർത്തെടുക്കുവാനെ-
ന്നറിയാതെ
അജ്ഞാനമെന്നയിരുളിനെ
മറയ്ക്കുവാൻജ്ഞാനമെന്നവെളിച്ചമെന്നുദിച്ചുയരു-
മെന്നറിയാതെ
പൊയ് പോയകാലത്തി-
ന്നോർമക്കായി
ഇനിയുമോരോവരികളായെൻ
ജിവിതപാതയിലോരോനന്മ മരത്തിനും
നന്ദിയെന്നവാക്കുകൾക്കു -
മപ്പുറ മോരുതുള്ളി
അശ്രുവായെൻ കണ്ണുകളിൽ ...

ഗോഡ് വിൻ
9C

# Riddles

*1. Riddle: What has to be broken before you can use it?*

*Answer: An egg*

*2. Riddle: I'm tall when I'm young, and I'm short when I'm old. What am I?*

*Answer: A candle*

*3. Riddle: What month of the year has 28 days?*

*Answer: All of them*

*4. Riddle: What is full of holes but still holds water?*

*Answer: A sponge*

*5. Riddle: What question can you never answer yes to?*

*Answer: Are you asleep yet?*

*6. Riddle: What is always in front of you but can't be seen?*

*Answer: The future*

*7. Riddle: There's a one-story house in which everything is yellow. Yellow walls, yellow doors, yellow furniture. What color are the stairs?*

*Answer: There aren't any—it's a one-story house.*

*8. Riddle. What can you break, even if you never pick it up or touch it?*

*Answer: A promise*

*9. Riddle: What goes up but never comes down?*

*Answer: Your age*

*10. Riddle: A man who was outside in the rain without an umbrella or hat didn't get a single hair on his head wet. Why?*

*Answer: He was bald.*

Sabareesh
6 C

# ഒരു കൊറോണക്കാല പരീക്ഷ

ഉച്ചക്ക് ടി വി ന്യൂസ് കണ്ടപ്പോൾ നീരജക്ക് വലിയ സന്തോഷമായി. കാരണം മറ്റൊന്നുമല്ല ഇനി വരാനുള്ളത് കണക്ക് പരീക്ഷയാണ്. അതിൽ നിന്ന് കുറച്ചു നാളത്തേക്ക് രക്ഷപ്പെട്ടു എന്ന് മാത്രമേ ചിന്തിച്ചുള്ളൂ. കാരണം കണക്ക് അവൾക്കു നന്നേ പ്രയാസമാണ്.ടി വി ഓഫ് ചെയ്തു സന്തോഷം കൊണ്ട് തുള്ളിച്ചാടി. പക്ഷെ ഇതൊരു ചരിത്രമാകുമെന്നു അവൾ കരുതിയതേ ഇല്ല.
ഉച്ച മയക്കത്തിലായിരുന്ന അമ്മയെയും വിളിച്ചുനിർത്തിയതിന് കിട്ടി വേണ്ടുവോളം ശകാരം.ചേട്ടനും അച്ഛനും വീട്ടിൽ ഇല്ലായിരുന്നു. അച്ഛൻ വരുമ്പോൾ രാത്രിയാവും.എങ്കിലും അറിഞ്ഞു കാണും.
പതിവ് പോലെ അത്താഴം കഴിക്കാനിരിക്കുമ്പോഴാണ് അച്ഛൻ വിശേഷങ്ങൾ അന്വേഷിക്കാറുള്ളത്.പരീക്ഷ മാറ്റിയ സന്തോഷ വാർത്ത അച്ഛനെ അറിയിച്ചു. എന്നാൽ അച്ഛൻ അതിൽ സന്തോഷമൊന്നും തോന്നിയില്ല. അത്താഴശേഷം പതിവ് തമാശകളൊന്നുമില്ല, ആകെ മൂകം. നീരജക്ക് സംശയം ഇതെന്ത് പറ്റി "പരീക്ഷ തീർന്നാൽ സമാധാനമായേനെ", അച്ഛൻ പറഞ്ഞു പരീക്ഷ സമയങ്ങളിൽ മക്കളേക്കാൾ ആധി മതപിതാക്കൾക്കാണല്ലോ?പരീക്ഷ നീട്ടി വെച്ചാൽ കുറച്ചു നാൾ കൂടി ആധി പേറണം.അത്രതന്നെ.
"കേരളം സമ്പൂർണ ലോക്ഡൗണിലേക്ക്" വാർത്തകൾ വന്ന് തുടങ്ങി. ചാനലുകളിൽ ചൂടേറിയ ചർച്ചകൾ. റേറ്റിങ് കൂട്ടാൻ വള്ളംകളിയുടെ കമന്ററിയേക്കാൾ കോവിഡ് കമന്ററികൾ ഒഴുകിക്കൊണ്ടിരുന്നു. എവിടെയും കോവിഡ് ചർച്ചകൾ. അങ്ങനെ കാലത്തെ മുറിക്കാൻ കൊറോണ എന്നസൂക്ഷ്മാണു എത്തി.രാജ്യത്ത് അൺലോക്ക് പ്രക്രിയ ആരംഭിച്ചു.ഓരോ ഘട്ടങ്ങളിലെയും ഇളവുകൾ അറിയാൻ കാത്തിരുന്നു' അങ്ങനെ രണ്ട് മാസങ്ങൾക്ക് ശേഷം പരീക്ഷാ തീയതി പ്രഖ്യാപിച്ചു.ഇനി 10 ദിവസം കൂടി മാത്രം.പബ്ലിക് പരീക്ഷ എഴുതുന്ന എല്ലാ കുട്ടികളുടെ മാതാപിതാക്കൾക്കും ആധിയേറി. ഇനി പരീക്ഷയെന്നു???
കൊറോണയെക്കാൾ അവരെ അലട്ടിയിരുന്നത് മക്കളുടെ പരീക്ഷയായിരുന്നു. ഇനിയെന്നു പരീക്ഷ?????
എന്നാൽ പബ്ജിയും ഫ്രീഫയറും എന്നു വേണ്ട ചൈനീസ് കളികൾ കളിച്ചു കുട്ടികൾ തിമിർത്തു. നിശ്ശബ്ദമായിരുന്ന വീടുകളിൽ കോലാഹലങ്ങൾ ഉയരാൻ തുടങ്ങി. ഇത് മതപിതാക്കളുടെ ബിപിയും ഷുഗറും കൂട്ടി.

നീരജയും ചേട്ടനും ഫോണിന് വേണ്ടിയുള്ള വഴക്ക് പതിവായി. പുസ്തകങ്ങൾ ഏതാണ്ട് പൂജ വെച്ച മട്ടാണ്. ഇനിയുള്ള പരീക്ഷകൾ നടത്തുമോ ആവോ??
എന്റെ കുട്ടി നീ പുസ്തകമൊക്കെ ഒന്നു മറിച്ച് നോക്കൂ. അല്ലെങ്കിൽ ഈ പഠിച്ചതൊക്കെ മറന്നു പോകും.പോരാത്തതിന് കണക്ക് പരീക്ഷ തന്നെ മാറ്റിവെച്ചു.ഞാൻ പഠിക്കുമ്പോൾ എനിക്കും കണക്ക് പാടായിരുന്നു. ആ ത്രികോണമിതിയും കുറെ സമവാക്യങ്ങളും ഹോ ! എല്ലാം പരീക്ഷയിൽ തലത്തിരിഞ്ഞേ ഓർമയിൽ വരത്തുള്ളൂ. പോരെങ്കിൽ ചെയ്തു വരുമ്പോൾ കയ്യൊട്ടു ചലിക്കില്ല അടുത്ത സ്റ്റെപ്പൊന്നു എഴുതാൻ.' അമ്മ പറഞ്ഞു നിർത്തി. ശരിയാമ്മേ.എല്ലാം തലത്തിരിഞ്ഞേ വരുള്ളൂ അതിനെന്താ ഒരു പോംവഴി. അമ്മയുടെ ബുദ്ധിയാ എനിയ്ക്ക്. നീരജ അമ്മയെ കളിയാക്കി. ഇത് കേട്ട് ചേട്ടനും അമ്മയെ കളിയാക്കി. പതിവിലും നേരത്തേ അച്ഛനെത്തി. നാളെ മുതൽ ജോലിക്ക് പോകണ്ട.എല്ലാ പണിയിടങ്ങളും അടച്ചു. എല്ലാവരും വീട്ടിൽ തന്നെ. അത്യാവശ്യത്തിന് മാത്രമേ പുറത്ത് പോകാൻ കഴിയൂ.

നീരജക്ക് സന്തോഷമായി. നാളുകൾക്കു ശേഷമാണ് ഇങ്ങനെയൊരു അവസരം കിട്ടുന്നത്. അച്ഛനെ ഫ്രീ ആയി കിട്ടീട്ട് വേണം പണ്ട് കളിച്ച കാരംസും, ചെസ്സുമൊക്ക കളിക്കാൻ.ആ ബോർഡ് ഒക്കെ പൊടി പിടിച്ചു കിടക്കുന്നു. തുടച്ചെടുത്ത് അച്ഛനമായി കളിക്കണം,അവൾ മനക്കോട്ടുകൾ കെട്ടി.
പക്ഷേ അച്ഛൻ മൗനമാണല്ലോ. എന്ത് പറ്റി. അവളുടെ മനസ്സിൽ ആശങ്കകൾ ഉയർന്നു. അച്ഛൻ എപ്പോഴും എന്തോ ചിന്തിച്ചിരിക്കുന്നതായി അവൾക്കു തോന്നി .ഒന്നിനും ഒരു ആവേശമില്ല. ഇത്ര നാളും ഒരു കുറവും വരുത്താതെ അച്ഛൻ എല്ല കാര്യങ്ങളും നികത്തി.പക്ഷെ ഈ ലോക്ഡൗണിൽ പണിയില്ല. വരും ദിവസങ്ങൾ പേടിപ്പെടുത്തുന്നു. കയ്യിൽ കുറച്ച് കാശ് കൂടിയേ ഉള്ളൂ.അത് കൂടി ..... തീർന്നാൽ...... മൂന്നു ഫോൺ ചാർജ് ചെയ്ത സ്ഥാനത്തു ഒന്ന്. പരീക്ഷയെക്കുറിച്ച് യാതൊരു വിവരവുമില്ല അച്ഛന്റെ മുഖത്തെ മ്ലാനത വർധിച്ചുവന്നു . അവൾ പുസ്തകം എടുത്ത് പഠിക്കാൻ തുടങ്ങി അച്ഛന്റെ മുഖത്ത് നല്ല സന്തോഷം. ഇത് മനസ്സിലാക്കിയ നീരജ പഠനത്തിൽ കൂടുതൽ ശ്രദ്ധ കൊടുത്തു. പിന്നെ കട്ടൻ ചായ കുടുക്കാനും റേഷനരി കഴിക്കാനും ശീലിച്ചു.
രാജ്യത്ത് അൺലോക്ക് പ്രക്രിയ ആരംഭിച്ചു.ഓരോ ഘട്ടങ്ങളിലെയും ഇളവുകൾ അറിയാൻ കാത്തിരുന്നു' അങ്ങനെ രണ്ട് മാസങ്ങൾക്ക് ശേഷം പരീക്ഷാ തീയതി പ്രഖ്യാപിച്ചു.ഇനി 10 ദിവസം കൂടി മാത്രം.

അചഛൻ ജോലിക്ക് പോയിത്തുടങ്ങി. വീട്ടിലെ ബുദ്ധിമുട്ടുകൾ മാറിത്തുടങ്ങി. വീണ്ടും ബന്നിന്റെ മണമുള്ള പുലർവേളകൾ വിരുന്ന് വന്നു. ഇതിനിടയിൽ നീരജ വൃത്തങ്ങൾ ചുറ്റി, തൊടു വര കുറിയിട്ട് ബഹു പദങ്ങൾ കയറി കാർട്ടീഷൻ പ്രതലസീമകരണവും കഴിഞ്ഞ് സ്ഥിതിവിവര കണക്കിലെത്തിയിരുന്നു .എന്തോ ഒരാത്മ വിശ്വസം, അച്ഛന്റെ പ്രചോദനം. മേയ് 26 കണക്ക് പരീക്ഷ, അച്ഛൻ പറഞ്ഞ പോലെ നേടും ഞാൻ കണക്കിനൊരു A+. നാളെ പരീക്ഷ തുടങ്ങുകയാണ്. ആദ്യമായി, കണക്ക് പരീക്ഷക്കെത്താൻ ഒരാവേശം.ലോക് ഡൗൺ പഠനം കണക്കിലേക്കടുപ്പിച്ചു .ഇനിയൊരിക്കലും സമവാക്യങ്ങൾ തലതിരിയാതിരിക്കാനുള്ള സൂത്രങ്ങൾ പഠിച്ചെഴുതുന്ന ആദ്യ പരീക്ഷ. ലോക് ഡൗൺ വന്നത് നന്നായി, മനസ്സിൽ ദൈവത്തിന് നന്ദി പറഞ്ഞു.
”നമ്മുടെ കുട്ടിക്ക് നല്ല വിവേകുമുണ്ട്. എന്റെ മുഖത്തെ മ്ലാനത കണ്ടിട്ടാവണം അവൾ പഠിക്കാൻ തുടങ്ങിയത് കുട്ടിത്തം അവളിൽ നിന്ന് ഓടിയൊളിച്ചു, വളരെ പക്വമതിയായ പോലെ. ഒരു ലോക് ഡൗൺ അവളെ മാറ്റിയിരിക്കുന്നു”. അച്ഛൻ അമ്മയുടെ കാതിൽ മന്ത്രിച്ചു.
ഈ കൊറോണയുടെ വരവ് എത്രയോ കുടുംബങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തി. കുട്ടി മുതൽ വാർധക്യത്തിലെത്തിയവരിൽ വരെ കുറെ നല്ല തിരിച്ചറിവിലേക്ക് വഴി തിരിച്ച് വിടാനും കാലഘട്ടത്തിനു കഴിഞ്ഞു. എന്നും ഫാസ്റ്റ്ഫുഡ് കഴിച്ച മക്കൾ ചിലപ്പോൾ കഞ്ഞിയിലൊതുങ്ങേണ്ടി വന്നു.കഷായം പോലെ കഞ്ഞി കുടിച്ച കുട്ടികളെത്ര. അങ്ങനെ എന്തെല്ലാം മാറ്റങ്ങൾ. എന്റെ മകളിലും മാറ്റം വന്നു തുടങ്ങി. ദൈവമേ നന്ദി ഈ കൊറോണയെ സമ്മതിക്കണം.

വിടാനും കാലഘട്ടത്തിനു കഴിഞ്ഞു. എന്നും ഫാസ്റ്റ്ഫുഡ് കഴിച്ച മക്കൾ ചിലപ്പോൾ കഞ്ഞിയിലൊതുങ്ങേണ്ടി വന്നു.കഷായം പോലെ കഞ്ഞി കുടിച്ച കുട്ടികളെത്ര. അങ്ങനെ എന്തെല്ലാം മാറ്റങ്ങൾ. എന്റെ മകളിലും മാറ്റം വന്നു തുടങ്ങി. ദൈവമേ നന്ദി ഈ കൊറോണയെ സമ്മതിക്കണം



Rashida PJ
HST

# പഴഞ്ചൊല്ലുകൾ

## കൃഷിച്ചൊല്ല്

*ആഴത്തിൽ ഉഴുത്
അകലത്തിൽ വിതയ്ക്കുക
*അത്തത്തിന് വിതച്ചാൽ പത്തായം പത്തു വേണം
*വിത്തു ഗുണം പത്തു ഗുണം
*വിളഞ്ഞതിലേക്ക് തേവരുത്
*പൂട്ടാത്തകണ്ടത്തിൽ വിത്തിടരുത്
*അധികം വിളഞ്ഞാൽ വിത്തിനും കൊള്ളില്ല
*അടുത്ത് നട്ടാൽ അഴക് അകത്തി നട്ടാൽ വിളവ്
*വയൽ നോക്കിയെ കൃഷി ഇറക്കാവൂ
*മുളയിലറിയാം വിള
*ഉടമതൻ സൃഷ്ടി ഒന്നാന്തരം വളം
*മണ്ണ് അറിഞ്ഞ് വളം ചെയ്താൽ
കിണ്ണം നിറയെ ചോറുണ്ണാം
*കണ്ടത്തിലെ പണിക്ക് വരമ്പത്ത് കൂലി
*ചോതി വർഷിച്ചാൽ
ചോറ്റിന് പഞ്ഞമില്ല

## വിഷുച്ചൊല്ല്

*വിഷു കണ്ട രാവിലെ
വിത്തിറക്കണം
*കാണാത്ത വിഷുക്കിളിക്ക്
കൺനിറയെ പൂവ്
*കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ
മത്തു പൂക്കുമ്പോൾ പട്ടിണി
*വിഷുക്കണിയെന്നാൽ ഉഷക്കണിതന്നെ
*വിഷുവില്ലാത്തവന് വിഷമം വിധി
*വിഷു താണ്ടിയാൽ വിഷമം താണ്ടി
*വിഷുവെള്ളരി വടക്കോട്ട്
വിഷുത്തിരി പടിഞ്ഞാട്ട്
വിഷുപ്പുടവ കിഴക്കോട്ട്
വിഷമങ്ങൾ തെക്കോട്ട്

## ഭക്ഷണച്ചൊല്ല്

*അത്താഴം
അത്തിപ്പഴത്തോളം.
*അന്നബലം പ്രാണബലം.
* അഴകുള്ള ചക്കയിൽ ചുളയില്ല.
* മുതിരയ്ക്ക് മൂന്നുമഴ
*അത്താഴം ഉണ്ടാൽ അരക്കാതം നടക്കണം,
*മുത്താഴമെങ്കിൽ മുള്ളേലും ശയിക്കണം.
*ഉപ്പോളം വരുമോ ഉപ്പിലിട്ടത്?
*അണ്ടിയോടടുത്തെങ്കിലേ മാങ്ങയുടെ പുളി അറിയൂ.
*അന്നവിചാരം, മുന്നവിചാരം, പിന്നെ വിചാരം കാര്യവിചാരം
*അരിയെത്ര; പയറഞ്ഞാഴി.
* ആറിയ കഞ്ഞി പഴങ്കഞ്ഞി.
*ആറുമാസം ചെന്ന ചേന
ആറിത്തിന്നാൻ പാടില്ല.
*എള്ളോളം തിന്നാൽ എള്ളോളം നിറയും
*കരിമ്പിൻ തേൻ വെച്ചതുപോലെ
*കലപഴുക്കുമ്പോൾ സംക്രാന്തി
*ചക്കയോളം കൊത്തിയാലേ ഉലക്കയോളം കാതൽ കിട്ടൂ.
*നെയ്യപ്പം തിന്നാൽ രണ്ടുണ്ട് കാര്യം, മീട്ടും മിനുങ്ങും വയറും നിറയും.
*പാൽപ്പായസം കുടിച്ചവനു പനങ്കാടി എന്തിനാ?
* മാങ്ങാ പഴുത്താൽ താനേ വീഴും

Ashear Augstine - 8B



# Poets in Hindi



कबीरदास या कबीर 15वीं सदी के भारतीय रहस्यवादी कवि और संत थे। वे हिन्दी साहित्य के भक्तिकाल के निर्गुण शाखा के ज्ञानमार्गी उपशाखा के महानतम कवि थे। इनकी रचनाओं ने हिन्दी प्रदेश के भक्ति आंदोलन को गहरे स्तर तक प्रभावित किया। उनकी रचनाएँ सिक्खों के आदि ग्रंथ में सम्मिलित की गयी हैं।

सुमित्रानंदन पंत (20 मई 1900 - २८ दिसम्बर १९७७)हिंदी साहित्य में छायावादी युग के चार प्रमुख स्तंभों में से एक हैं। इस युग को जयशंकर प्रसाद, महादेवी वर्मा, सूर्यकांत त्रिपाठी 'निराला' और रामकुमार वर्मा जैसे कवियों का युग कहा जाता है। उनका जन्म कौसानी बागेश्वर में हुआ था।

तुलसीदास

साहित्यकार सुरेन्द्र प्रसाद मंडल ने कहा कि गोस्वामी तुलसीदास जी का जन्म यूपी के बांदा जिले में राजापुर गांव में विक्रम संवत 1568 को हुआ था। उनके पिता का नाम पंडित आत्माराम दुबे तथा माता का नाम हुलसी देवी था। उनका बचपन का नाम रामबोला था। वहीं हरिशंकर झा ने कहा कि गोस्वामी तुलसीदास जी हिन्दी साहित्य के महान संत कवि थे।

महाकवि कालिदास, महाराजा विक्रमादित्य के दरबार के नवरत्नों में से एक थे। उनके संबध में कहा जाता है कि मां काली के आशीर्वाद से ही वह परम विद्वान बने और उन्होंने अपना नाम कालिदास रखा। कहा जाता है कि एक बार जंगल में वह पेड़ की उसी डाल को काट रहे थे, जिस पर वह बैठे हुए थे।

जीवन परिचय जन्म - महाकवि श्री सूरदास जी का जन्म 1478 ई में रुनकता क्षेत्र में हुआ था| यह गाँव मथुरा-आगरा मार्ग के किनारे स्थित है। कुछ विद्वानों का मत है कि सूरदास का जन्म हरियाणा के फरीदाबाद के सीही गांव नामक ग्राम मे निर्धन सारस्वत ब्राह्मण परिवार में हुआ था। वह बहुत विद्वान थे, उनकी लोग आज भी चर्चा करते हैं

Hina Fathima
9B

# *BHASKARACHARYA'S CONTRIBUTION OF LEELAVATI*

Bhaskaracharya , also known as Bhaskara II ,was a great poet andB mathematician from India . He was born in 1114 A.D .
His Sidhanthashiromani , especially the first part known as Leelavati ,is well known all over the world . Because of the poetic name the Leelavati and the excellent problem contained therein, Bhaskaracharya has earned the respect of scholar for the last eight hundred years . Bhaskaracharya wrote Sidhanrthashiromani when he was 36. it is in four parts ,Leelavathi (Arithmetic), Beejaganitha (Algebra) , Goladhyaya (Planetary motions) and Grahaganita (Astronomy).

The Leelavati mainly deals with arithmetic but also contains geometry , trignometry and algebra . Those days both educated and uneducated were interested in future events , and naturally every astronomer had to study Astrology . For this purpose it was necessary to master planetary motions and astronomy and Leelavati provided prerequisites for this study . All the prerequisites for the study of astronomy are in the Leelavathi.In order to solve problems concerning periods in planetary motions, Bhaskaracharya has added solutions of What are known as Diophantine equation.

According to the then prevailing customs , Bhaskaracharya wrote Leelavathi in verse form. To explain a scientific topic like Mathematics in verse form is indeed a difficult task. The height of difficulty multiplies when the writer ask to infuse poetic qualities with Mathematical genius. The whole Leelavathi reached other countries a little later in the 16$^{th}$ century .All those who read this book were overwhelmed by Bhaskaracharya’s skill.It seems Bhaskaracharya himself loved his 1$^{st}$ creation, Leelavathi, more than his other works. The beautiful poetic flights of Leelavathi are not found in any other mathematical or scientific composition .
This paper Bhaskaracharya’s contribution of Leelavathi intends to discuss the defenition given by him to addition and subtraction , method of multiplication division,quadratic equation , pulverisation etc. The significane of the study lies in the remarkable aspect that his contribution to Mathematics is still followed worldwide.

-

YOMIKA RAMESH
8D

# ജ്ഞാനം

കഷ്ടത തൻ മാധുര്യമറിഞ്ഞൊരൊ
രാൾ
വേദനയുടെ ആഴങ്ങൾ
അറിയുമെന്നാകിൽ
നോവിക്കയില്ലാരെയും
പൊയ്പോയ വഴികളിലെല്ലാമോരോ
ജീവിതാനുഭവങ്ങൾ
തന്നൊരു ജ്ഞാനം
പാഠങ്ങളായുള്ളൊരൊ
രാളുമെന്നാകിൽ

ലേഖപ്രഭാകർ
HST

# കടങ്കഥകൾ

1. കാവൽ ഇല്ലാത്ത കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്തുമണികൾ ?
2. ജീവനില്ല, കാലുമില്ല ഞാൻ എത്താത്ത ഇടവുമില്ല എന്നെ കൂടാതെ നിങ്ങളുടെ ജീവിതം ദുഷ്കരം?
3. നീണ്ടു നീണ്ടു മാനം നോക്കി പോകുന്ന പച്ചക്കുപ്പായക്കാരൻ ?
4. എന്നെ തൊട്ടുകൂട്ടും, പക്ഷെ സദ്യക്ക് എടുക്കില്ല?
5. കാലുപിടിക്കുന്നവനെ സംരക്ഷിക്കുന്നവൻ?
6. കരടിയിലുണ്ട് കുതിരയിലില്ല, ഉഴുന്നിലുണ്ട് ഉലുവയിലില്ല, ജനതയിലുണ്ട് ജനങ്ങളിലില്ല. മൂന്നക്ഷരമുള്ള ഞാനാര്?
7. മുള്ളുണ്ട് മുരിക്കല്ല, കൊമ്പുണ്ട് കുത്തില്ല, പാലുണ്ട് പശുവല്ല?
8. ആളെ കണ്ടാൽ നിലവിളിക്കും കൈകാണിച്ചാലവിടെ നിൽക്കും?
9. വായമൂടി മുഖത്തടിച്ചാൽ കേൾക്കാനിമ്പം ?
10. പഞ്ചപാണ്ഡവൻമാർ ആഞ്ചുപേർക്കും കൂടി ഒരേയൊരു മുറ്റം ?

Anusha Pradeep
8A

ഉത്തരങ്ങൾ പേജ്നമ്പർ 34 ൽ

# മയക്കുമരുന്നുകൾ

നീരാളി എന്ന കടൽ ജീവിയുടെ പിടിയിൽ അകപ്പെട്ടു പോയാൽ പിന്നെ രക്ഷപ്പെടുക അസാധ്യമാണല്ലോ. അത്പോലെ രക്ഷപെടാനാകാത്തവണ്ണം ഭീകരമാണ് മയക്കുമരുന്നിന്റെ ലഹരി. അത് ഭാവിയെ പറ്റിയുള്ള പ്രത്യാശ നിറഞ്ഞിരിക്കേണ്ട യുവഹൃദയങ്ങളിൽ , നൈരാശ്യ ബോധം വിതച്ചു കൊണ്ട് അവരെ ഒരു ഇരുണ്ട ലോകത്തിലേക്ക് നയിക്കുന്നു. പുകവലിയും മദ്യപാനവുമായിരുന്നു ഇന്നലെകളുടെ ശാപമെങ്കിൽ ഇന്ന് ശാപം മയക്ക് മരുന്നുകളാണ് . അതിന്റെ ലഹരിയാണ് വർത്തമാന കാലത്തിന്റെ ദുഃഖം

ഇന്ത്യയിൽ ഇപ്പോൾ, 30 ലക്ഷത്തിനും 50 ലക്ഷത്തിനുമിടക്ക് ആളുകൾ മയക്കുമരുന്നിന് അടിമകളായിട്ടുണ്ട് എന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കണക്ക് . മുമ്പ് സമ്പന്ന രാഷ്ട്രങ്ങളുടെ മാത്രം ശാപമായിരുന്നു ഇത്. എന്നാൽ ഇന്ന് പ്രശാന്തത കളിയാടിയിരുന്ന നമ്മുടെ കേരളത്തെയും അത് കീഴ്പെടുത്തിയിരിക്കുന്നു . കേരത്തിൽ തിരുവനന്തപുരത്താണ് മയക്കുമരുന്നിന് അടിമയായിട്ടുള്ളവർ ഏറ്റവും കൂടുതൽ എന്ന് ലോകാരോഗ്യസംഘടന പറയുന്നു. കേരളത്തിൽ ആകെ 25000 പേര് പതിവായി മയക്കുമരുന്ന് ഉപയോഗിക്കുന്നവരായുണ്ട്. ഇവരിൽ ഭൂരിപക്ഷവും വിദ്യാർത്ഥികൾ ആണ്.

പുകവലിയിൽ നിന്നാണ് ഈ ശീലം ആരംഭിക്കുന്നത് .താൻ കുട്ടിയല്ല സ്വന്തം ഇഷ്ടപ്രകാരം നടക്കുന്ന ആളാണെന്ന് ഭവിക്കലാണ് പുകവലിക്ക് കാരണം. പുകവലിയിൽ നിന്ന് ക്രമേണ മദ്യപാനത്തിലേക്ക് കടക്കും. പുകയിലയിൽ മദ്യവും നൽകുന്ന ലഹരിപോരാതെ വരുമ്പോൾ കഞ്ചാവിലേക്കും മയക്കുമരുന്നിലേക്കും എത്തുന്നു . ഇങ്ങനെ കേവലം ഒരു കൗതുകം ആണ് ഈ വിപത്ത് ക്ഷണിച്ചു വരുത്തുന്നത് എന്ന് കാണാം .

മയക്കുമരുന്നുകൾ ഒരിക്കൽ ഉപയോഗിച്ച് കഴിഞ്ഞാൽ വീണ്ടും ഉപയോഗിക്കണം എന്ന താല്പര്യം ജനിക്കും. അങ്ങനെ അതൊരു ശീലമായി തീരും. ഒരു തരം മാനസികരോഗത്തിലേക്കാണ് അത് തന്റെ അടിമയെ നയിക്കുക. ഇതിനെതിരെ പോരാടുന്ന കവയിത്രി സുഗതകുമാരി മയക്കുമരുന്നുകൾ വരുത്തിവയ്ക്കുന്ന വിനയെപ്പറ്റി പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്.

"ഒരു പിശാഞ്ഞിന്റെ ക്രൗര്യത്തോടെ അവ നിങ്ങളെ അടിമയാക്കും. പുകയായും പാനീയമായും കുത്തിവെയ്പ്പുലുമായുമൊക്കെ ആ വിഷം ഉള്ളിൽ കടന്ന് തുടങ്ങിയാൽ പിന്നെ ഭ്രാന്ത് ആകും. അവ കിട്ടാൻ വേണ്ടി എന്തും ചെയ്യും . എവിടെ നിന്നും മോഷ്ടിക്കും.ആരെയും കൊല്ലും. ഏത് കഠിനമായ കുറ്റകൃത്യവും ചെയ്യും. നിയമങ്ങളും മര്യാദകളും ആദർശങ്ങളുമൊക്കെ കാറ്റിൽ പറത്തും. മരുന്നിന്റെ അടിമ അവന്റേതായ ഒരു അധോലോകത്തിൽ മുങ്ങി താഴുന്നു ."

ഒരുവൻ മയക്കുമരുന്ന് ഉപയോഗിക്കുന്ന വിവരം ബന്ധുക്കൾക്ക് ഉടനെ കണ്ടെത്തുവാൻ കഴിയില്ല . അവർ അത് കണ്ടെത്തിക്കഴിയുമ്പോളേക്കും അവൻ പൂർണമായും മയക്കുമരുന്നിന് അടിമയായി തീർന്നിരിക്കും . മയക്കുമരുന്നിന് ഒരു വിദ്യാർത്ഥി അടിമയായാൽ അയാൾ ഒരു വർഷംകൊണ്ട് എട്ടുപത്തുപേരെയെങ്കിലും തന്റെ വഴിക്ക് നയിക്കുമെന്നാണ് മറ്റൊരു പ്രേത്യേകത മയക്കുമരുന്നിനും മദ്യത്തിനും അടിമയായവരെ ചികിൽസിക്കാൻ തിരുവനന്തപുരത്തു ഒരു ഡി - അഡിക്ഷൻ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

ഇന്ന് മയക്കുമരുന്ന് കച്ചവടം സർവത്ര വ്യാപകമായിട്ടുണ്ട് , കോളേജുകൾ വനിതാ ഹോസ്റ്റലുകൾ തൊഴിൽ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രികരിച്ചാണ് ഇത് നടത്തുന്നത്. അന്താരാഷ്ട്ര മയക്കുമരുന്ന് കള്ളക്കടത്തുകാരുടെ ഒരു താവളം ആയിട്ടുണ്ട് ഇപ്പൊ കൊച്ചി തുറമുഖം .ഇതുവഴി കഞ്ചാവും , മാൻഡ്രേക്സും ബ്രൗൺ ഷുഗറും വൻതോതിൽ കൈമാറ്റം ചെയ്യപ്പെടുന്നു .

നിയമങ്ങൾക്ക് ഇതിനെ നിയന്ത്രിക്കുന്നതിന് ഒരു പരുധി ഉണ്ട് . നാം തന്നെ ഇതിനു എതിരെ രംഗത്ത് ഇറങ്ങിയാലേ ഈ ശാപത്തിൽനിന്ന് രക്ഷനേടാൻ കഴിയു . സ്വയം നാശത്തിന്റെ പാതയിൽ നിന്നും നാം തന്നെ മാറി പോകേണ്ടതാണ് . അങ്ങനെ ഒരു ആത്മരക്ഷാബോധം ഉൾകൊണ്ട് നമ്മുടെ തലമുറ ഇതിനെതിരെ ശബ്ദം ഉയർത്തി ഇത് പൂർണമായും നശിപ്പിച്ചാലേ നമുക്ക് നാളെയിലേക്ക് നീങ്ങാനാവു .

Anagha Rajesh
9B



# ഒരു ഞാവൽ മരത്തിന്റെ ഓർമ്മക്കുറിപ്പ്

എത്രയോ ജന്മത്തിൻ കോടി പുണ്യങ്ങളാൽ
ഞാനീ മണ്ണിന്റെ ഗർഭ  ഗൃഹങ്ങളിൽ
ഒരു കൊച്ചു വിത്തായി മറിഞ്ഞു നിന്നു.
പുതുമഴയിൽ തീർത്ഥ കണികകൾ ഭ്രമിതൻ
ഉർവ്വരതയെ തൊട്ടുണർത്തി
ഒടുവിൽ ഞാൻ മണ്ണിനു മീതെയായ്
ഒരു ചെറു നാമ്പായ് അങ്കുരിക്കെ
വിസ്മയം! വിചിത്രം! ബാഹ്യപ്രപഞ്ചം
വിശ്വൈക ശില്പിതൻ വർണ്ണ പ്രപഞ്ചം
ഓരോ ദിനവും കൊഴിഞ്ഞു ഋതുക്കൾ



പക്ഷികളായി പറന്നു മാറി
അങ്ങനെയൊരു ദിനം... സുദിനം... സുവർണ്ണദിനം...
എന്നരികിലായ് പള്ളിക്കൂടമൊന്നുയർന്നു വന്നു
കുഞ്ഞു ശബ്ദങ്ങൾ,കരച്ചിലുകൾ,വഴക്കുകൾ,
കേട്ടെന്റെ ഹൃദയം കുളിർത്തു
ക്ലാസ് മുറികളിലെ പാഠങ്ങൾ കാതോർത്തു
ഞാനും പഠിച്ചു വളർന്നു
എന്റെയീ ഞാവൽ പഴങ്ങൾ
പൈതങ്ങൾ അമൃതങ്ങളായി നുകർന്നു
നീലച്ച ചൊടികളുമായവർ എന്റെ
തണലിൽ കളിച്ചു രസിച്ചു
വർഷങ്ങൾ പിന്നിട്ടു പിന്നിട്ടു പോകുമ്പോൾ
വിദ്യാലത്തിന്റെ വളർച്ചയിൽ ഞാനും-
സ്വകാര്യമായി  അഹങ്കരിച്ചു
കോൺക്രീറ്റ്  സൗധങ്ങൾ സവിധത്തിലായ്
തലയെടുപ്പോടെ നിവർന്നു നിന്നു
സ്മാർട്ട് ക്ലാസ് മുറികളിൽ നിന്നും
കുട്ടികൾ സ്മാർട്ടായി തന്നെ പഠിച്ചിറങ്ങി

അങ്ങനെയൊരു ദിനം... ദുർദിനം...
അഭിശപ്തമാം ദിനം...
ദേശീയപാത വികസനം-
അതിനു വിഘ്നമാണത്രെ ഈ പാവം മരം!
ആളുകൾ വന്നളക്കുന്നു
അളവുകൾ...കണക്കുകൂട്ടലുകൾ
ഒന്നു തെറ്റിയിരുന്നെങ്കിൽ ഞാനുമീ-
ഭൂമിയിൽ ജീവിച്ചു പോയേനെ
ഒന്നും നടന്നില്ല വൃഥമാം മോഹം
അനിഷേധ്യമാം വിധി തൻ നിർണ്ണയം
സ്വീകരിക്കുന്നു ഞാൻ
നിങ്ങൾതൻ വികസനത്തിനായ്
സഹർഷമെൻ ആത്മസമർപ്പണം....

സൗഭാഗ്യ
X A

# കടംകഥകളുടെ ഉത്തരങ്ങൾ

1. നക്ഷത്രങ്ങൾ
2. നാണയം
3. മുള
4. കാൽക്കുലേറ്റർ
5. കുട
6. കഴുത
7. ചക്ക
8. ബസ്
9. മദ്ദളം
10. കൈപ്പത്തി

# നാനോടെക്നോളജി



പരമാണുതലത്തിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്ന സാങ്കേതികവിദ്യയാണ് നാനോടെക്നോളജി. പരമാണുതലം എന്നാൽ ഒരു മൈക്രോ മീറ്ററിൽ താഴെ എന്നാണ്. ഈ അളവിൽ ഉള്ള സൂക്ഷ്മ യന്ത്രങ്ങളുടെ നിർമ്മാണം അവയുടെ പരിരക്ഷ തുടങ്ങിയവയും നാനോടെക്നോളജിയുടെ പരിധിയിൽ വരുന്നു. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം നാനോടെക്നോളജി ഒരു പ്രത്യേക ശാസ്ത്ര ശാഖയുടെ കീഴിൽ വരുന്നില്ല എന്നതാണ്. ഇതിൽ നിന്നു കിട്ടുന്ന ഗവേഷണ ഫലങ്ങൾ എല്ലാ ശാസ്ത്ര മേഖലകൾക്കും ഗുണം ചെയ്യും.

ദ്രവ്യത്തിന്റെ നാനോതലത്തിൽ ചെറുതായി പരുവപ്പെടുത്തുമ്പോൾ അത് ഭൗതിക-കാന്തിക-രാസ മാറ്റങ്ങൾക്ക് വിധേയമാകും. ഇങ്ങനെ നാനോ അവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പ്രയോജനപ്പെടുത്തി നവീനവും കാര്യക്ഷമതയുള്ളതുമായ ഉത്പന്നങ്ങൾ നിർമ്മിക്കുക എന്നതാണ് നാനോസാങ്കേതികവിദ്യയുടെ പ്രധാന ലക്ഷ്യം. നാനോമീറ്റർ എന്നതിന്റെ ചുരുക്കരൂപമാണ് നാനോ എന്ന് അറിയപ്പെടുന്നത്. ഒരു മീറ്ററിന്റെ നൂറുകോടിയിൽ ഒരംശം അഥവാ 10^-9 മീ. ആണ് ഒരു നാനോമീറ്റർ. കുള്ളൻ എന്നർഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് നാനോ എന്ന വാക്ക് ഉരുത്തിരിഞ്ഞുവന്നത്.

ദ്രവ്യത്തിന്റെ നാനോ തലത്തിലുള്ള സ്വഭാവവും പെരുമാറ്റവും പഠനവിധേയമാക്കുന്ന ശാസ്ത്രശാഖയാണ് നാനോ സയൻസ്. 1 നാ. മീ. മുതൽ 100 നാ. മീ. വരെയാണ് ഇതിന്റെ പരിധിയിൽ വരുന്നത്. നാനോസയൻസിനെ അവലംബിച്ച് ഉത്പന്നങ്ങളും സേവനങ്ങളും സാധ്യമാക്കുമ്പോൾ അതിനെ നാനോസാങ്കേതികവിദ്യ എന്നു പറയുന്നു. വിവിധ അടിസ്ഥാന ശാസ്ത്രശാഖകളുമായി ചേർത്തും ഈ രംഗത്ത് പഠനഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഉദാ. നാനോഫിസിക്സ്, നാനോകെമിസ്ട്രി, നാനോബയോളജി. ഇതുകൂടാതെ ചില എഞ്ചിനീയറിങ് വിഷയങ്ങളുമായി സംയോജിപ്പിച്ചുള്ള പഠനവും മുന്നേറുന്നുണ്ട്. ഉദാ. നാനോമെറ്റീരിയൽസ്, നാനോറോബോട്ടിക്സ്, നാനോട്രൈബോളജി, നാനോബയോടെക്നോളജി.

നിലവിലുള്ള ശാസ്ത്ര ശാഖകളുടെ സൂക്ഷ്മതലത്തിലുള്ള തുടർച്ചയായിട്ടോ അല്ലെങ്കിൽ ഇവയുടെയെല്ലാം സൂക്ഷ്മ തലത്തിലുള്ള പുനരാവിഷ്കാരമായിട്ടോ നാനോടെക്നോളജിയെ കാണാവുന്നതാണ്. എല്ലാ നാനോ വസ്തുക്കളുടെയും നിർമ്മാണത്തിന് രണ്ട് രീതികൾ അവലംബിക്കാവുന്നതാണ്. ഒന്ന് മേലെ നിന്ന് താഴേക്കുള്ള 'ടോപ് ഡൗൺ'(top down)രീതിയും രണ്ട് താഴെ നിന്ന് മുകളിലേക്കുള്ള 'ബോട്ടം അപ്'(bottom up) രീതിയും. നാനോ പദാർത്ഥങ്ങൾ വലിപ്പം കൂടിയ പദാർത്ഥങ്ങളിൽ നിന്ന് ഉണ്ടാക്കിയെടുക്കുന്ന രീതിയാണ് ടോപ് ഡൗൺ. തന്മാത്രകളും ആറ്റങ്ങളും കൂട്ടിച്ചേർത്ത് വിവിധ ഘടനകൾ നിർമ്മിക്കുന്ന രീതിയാണ് ബോട്ടം അപ്. നൂതന  കണ്ടുപിടിത്തമാണ് നാനോടെക്നോളജിയെ ഇന്നു കാണുന്ന ഉയരത്തിലെത്തിച്ചത്. -കളുടെ തുടക്കത്തിൽ കമ്പനിയിലെ ശാസ്ത്രജ്ഞന്മാർ ആറ്റോമിക് ഫോർസ് മൈക്രോസ്കോപ്(AFM),(STM) എന്നിങ്ങനെ രണ്ട് മൈക്രോ സ്കോപ്പുകൾ കണ്ടുപിടിച്ചു. ഈ ഉപകരണങ്ങൾ ആറ്റങ്ങളെ നിരീക്ഷിക്കാനും അവ കൈകാര്യം ചെയ്യാനും വളരെയധികം സഹായിച്ചു.

Jijo john

9B

# രസികൻ നിറങ്ങൾ

## Capat Mortum;

മരിച്ച തല എന്ന അർഥത്തിൽ പേരുള്ള ഒരു നിറമുണ്ട് ! ഒരിനം ഇരുണ്ട നിറമാണ് ക്യാപ്റ മോർട്ടം .ലാറ്റിൻ ഭാഷയിൽ ഇതിന് അർഥം 'മരിച്ച തല ' അല്ലെങ്കിൽ 'ഉപയോഗശൂന്യമായ അവശിഷ്ടങ്ങൾ 'എന്നാണ് !

## Drake’s Neck Green;

'മല്ലാഡ് ' എന്ന പേരുള്ള താറാവുകളിൽ ആൺപക്ഷിയുടെ കഴുത്തിന് നീല കലർന്ന പച്ച നിറമാണ് . ഈ നിറത്തിന്റെ പേരെന്താണെന്നോ ? 'ഡ്രേക്സ് നെക് ഗ്രീൻ '. ആണ്മല്ലാർഡിന്റെ മറ്റൊരു പേരാണ് 'ഡ്രേക് '

## Razmatazz;

ജനശ്രദ്ധ ആകർഷിക്കുന്നതിലുള്ള ശബ്ദകോലാഹലം എന്നാണ് ഈ വാക്കിന്റെ അർഥം . ഇതേ പേരിൽ ഒരു നിറവുമുണ്ട് . ഒരു തരം പിങ്ക് നിറമാണ് റാസ്മറ്റാസ് . 1993-ൽ ക്രയോള എന്ന ക്രയോൺസ് കമ്പിനി നിറങ്ങൾക്ക് പേരിടാൻ ഒരു മത്സരം സംഘടിപ്പിച്ചു .മത്സരത്തിൽ ലോറബർതലോമി ഹിൽ എന്ന അഞ്ചുവയസ്സുകാരി നിർദ്ദേശിച്ച് സമ്മാനം നേടിയ പേരാണ് റാസ്മറ്റാസ്.

## Australien;

ഓസ്ട്രേലിയയിലെ വിജനമായ മരുപ്രദേശത്തെ ബ്രൗൺ നിറം ഓർമിപ്പിക്കുന്ന നിറം .ആ നിറത്തിന്റെ പേരാണ് 'ഓസ്ട്രേലിയെൻ'.Australien എന്നാണ് സ്പെല്ലിങ് ; Australian എന്നല്ല !

## Milk and Water ;

പാലും വെള്ളവും - അഞ്ഞൂറ് വർഷങ്ങൾക്കു മുൻപ് ഇംഗ്ലണ്ടിലെ കച്ചവടക്കാർ ഒരു നിറത്തിനു കൊടുത്ത പേരാണ് ഇത് ! ഇംഗ്ലീഷ് ഭാഷയിൽ ഇങ്ങനെ ഒരു ശൈലിയുമുണ്ട് . ഒരാൾ നൽകിയ ആശയമോ നിർദ്ദേശമോ ദുർബലമാണെങ്കിൽ അതിനെ 'മിൽക്ക് ആൻഡ് വാട്ടർ ' എന്ന വിശേഷിപ്പിക്കാം

## Labrador;

'ലാബ്രഡോർ ' എന്നു കേട്ടാൽ 'ലാബ്രഡോർ റിട്രീവർ ' എന്നയിനം നായയെ ഓർമവരില്ലേ ? എന്നാൽ ,ഈ പേരിൽ ഒരു നിറവുമുണ്ട് !

## Banan-appeal;

നന്നായി പഴുത്ത പഴത്തിന്റെ നിറം അതിന്റെ പേരുകേട്ടാലും പഴം ഓര്മ വരും .ബനാൻ

-അപ്പീൽ എന്നാണ് ആ പേര് .ഇത് കേൾക്കുമ്പോൾ 'ബനാന പീള' (പഴത്തിന്റെ തൊലി കളയൽ )എന്നാണ് പറഞ്ഞത് എന്ന് തോന്നിപോകും ,ഇല്ലേ ?

## Nattier Blue ;

ഏകദേശം 300 വർഷം മുൻപ് ഫ്രാൻസിൽ ജീവിച്ചിരുന്ന ചിത്രകാരനായിരുന്നു ഷോൺ - മാർക് നാറ്റിയർ . അദ്ദേഹം തന്റെ ചിത്രങ്ങളിൽ ധാരാളമായി ഉപയോഗിച്ചിരുന്ന ഒരു തരം നീല നിറമുണ്ട് . ആ നിറത്തിനു പിന്നീട് ചിത്രകാരന്റെ പേരുതന്നെ കിട്ടി - നാറ്റിയർ ബ്ലൂ !

## Gingerline;

പേരുകേട്ടാൽ മനസ്സിൽ വരുന്ന നിറവും യഥാർത്ഥ നിറവും തമ്മിൽ വലിയ ബന്ധം ഒന്നുമില്ല . "ജിഞ്ചർലൈൻ ' (Gingerline ) എന്ന നിറത്തിന്റെ കാര്യമാണ് . ഓറഞ്ച് കലർന്ന മഞ്ഞനിറമാണ് ജിഞ്ചർലൈൻ .

## Incarnadine;

Incarnate എന്ന വാക്കിന് അവതരിക്കുക , മനുഷ്യരൂപം സ്വീകരിക്കുക എന്നൊക്കെയാണ് അർഥം .പേരിൽ ഇതുമായി സാമ്യമുള്ള ഒരു നിറമുണ്ട് - incardanine . ഇരുണ്ട ചുവപ്പു നിറമാണ് ഇത് . വില്യം ഷേക്സ്പിറയുടെ മാക്ബത് എന്ന നാടകത്തിൽ ' ചോരയുടെ നിറം ' എന്ന അർത്ഥത്തിൽ ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്

## Drunk- Tank Pink ;

മദ്യപിച്ചു പ്രശ്നം ഉണ്ടാക്കുന്നവരെ പോലീസ് പിടിച്ച് പാർപ്പിക്കുന്ന ജയിലിനെ വിളിച്ചിരുന്ന പേരാണ് ' ഡ്രങ്ക് - ടാങ്ക്' . ഒരു പിങ്ക് നിറത്തിനും ഈ പേരുണ്ട് -'ഡ്രങ്ക് ടാങ്ക് പിങ്ക് .

റിയാസ്
9C

# ആൽബട്രോസ്, നിന്നോട്

ഞാൻ നിന്നെ സ്വതന്ത്രനാക്കുന്നു
നീ പറന്നു കൊള്ളുക
അനന്തമായ ആകാശത്തിൻ
അതിർ വരമ്പുകൾക്കപ്പുറം
വിശാലമായ സാഗരത്തിൻ
മറുകരയ്ക്കുമപ്പുറം

കടലിന്റെ ആഴങ്ങളിലെ
ദുരൂഹത നിറഞ്ഞ മറവുകളിൽ
ഊളിയിട്ടു നീന്തുക
മുത്തുകളും ചിപ്പികളും
തിരഞ്ഞെടുക്കുക
അതിനായ് ഞാൻ തീർത്ത
മുറുകിയ കെട്ടുകളിൽ നിന്നും നിന്നെ ഞാൻ മോചിതനാക്കുന്നു

ആൽബട്രോസ്,
കൂട്ടുകൂട്ടുക നിന്റെ ഹൃദയത്തിൽ
ഓളങ്ങളിളക്കുന്ന തിരയുമായ്
അതിനായ് വിട്ടയയ്ക്കുന്നു
നിന്നെ ഞാനെന്റെ വികാരങ്ങൾ
ചുട്ടെരിക്കുന്ന കനലിൽ നിന്നും

പക്ഷേ,
ചിറകു വീശി പറന്നുയരുമ്പോൾ
കൊണ്ടു പോകരുതെൻ
ഹൃദയത്തിൽ നിന്നൊരു തുണ്ടു പോലും
ഒപ്പം ഒന്നു കൂടി
മറക്കരുതാ കോപ്പുകൾ കൂട്ടി
കാത്തിരിക്കുന്ന പഴയ കഥയിലെ
നാവികരെ



Deepa Harendran
HST

# എന്റെ നാട്

കേരളമാണെന്റെ നാട്
കേരഭംഗിയേറും നാട്
പരശുരാമൻ മഴു എറിഞ്ഞ നാട്
ഹരിത ഭംഗിയേറും നാട്
മാവേലി മന്നന്റെ നാട്
സത്യവും ധർമ്മവും വാണിടുന്ന നാട്
മലകളും പുഴകളും കാനനങ്ങളും
പച്ച പുതപ്പിച്ച വയലേലകളും
ഹാ കഷ്ടം
എപ്പോഴെന്തൊരു ദുർഗതിയാണ് ?
കാടുകൾ , മേടുകൾ മേടുകളെല്ലാം വെളുപ്പിച്ച്
ഫ്ലാറ്റാക്കി മാറ്റി സമ്പന്ന വർഗം
മലിനീകരണവും കൊതുകുകളും
പെരുകി വരുന്നൊരു നാടായി മാറി
ജപ്പാൻ ജ്വരവും ഡെങ്കിപ്പനിയും
മാനജീവനു ഭീക്ഷണിയായി
കൊട്ടേഷൻകാർ കൊലചെയ്യുന്ന
നമ്മുടെ നാട്ടിൽ പൗരന്മാരെ,
കേരളമിന്നൊരു ചോരപ്പുഴയായി മാറിടുന്നു
ഇതിനൊരു മോചനം വേണ്ടേ
വിദ്യാർത്ഥികളാം നമ്മൾക്ക്
ഒറ്റക്കെട്ടായി പോരാടാം
ശാന്തിയോടെ സുസ്ഥിതിയോടെ
നല്ലൊരു പുലരി വിരിയിക്കാം

കൃഷ്ണദത്ത് കെ
5 C

# ഹാജർ പട്ടികയും ടീച്ചിഗ് നോട്ടും

ഏതാണ്ട് ഒന്നരമാസമായി രാവിലെ വടക്കേ സ്കൂൾ കെട്ടിടത്തിൻ്റെ മുകളേറിയാൽ പിന്നെ അനിത ടീച്ചർ ഉച്ചബെല്ലിനെ താഴേക്കിറങ്ങു

ഇന്നലെ രാവിലെ 11.30 ന്റെ ഇന്റർവെല്ലിന് സ്റ്റാഫ് റൂമിൽ നിന്ന് അമ്പിളി ടീച്ചറിൻ്റെ വിളി വന്നു, ടീച്ചറെ DEO
വന്നിട്ടുണ്ട്

തലേദിവസത്തെ ഉച്ചക്കഞ്ഞി ആഡിറ്റിന്റെ ആകുലതയുമായി താടിക്ക് കൈ കൊടുത്തിരുന്ന അനിത ടീച്ചർ ചാടി എഴുന്നേറ്റു പോയി. 'പിള്ളേരെ താഴെ 'ഡി ഇ ഒ' വന്നിട്ടുണ്ട്.

എല്ലാറ്റിനെയും ക്ലാസ്സിൽ കയറ്റിയിട്ട് അനിത ടീച്ചർ വേഗം അടുത്ത ക്ലാസിലേക്ക് ദൂതുമായിപാഞ്ഞു. 'ഹസ്ഥാ', 'രോനാ "...അർത്ഥം പടിപ്പിച്ചിരുന്ന സുഭാഷിണി ടീച്ചർ ചിരിക്കണോ കരയണോ എന്നറിയാതെ സമ്മിശ്ര ഭാവത്തിൽ അനിത ടീച്ചറെ നോക്കി. "എന്തുപറ്റി ടീച്ചറെ ?
ടീച്ചിംഗ് നോട്ടില്ലേ ?. അതൊക്കെയുണ്ട്; പക്ഷേ
"ഞാനിന്നു രാവിലെ ഹാജർ പട്ടികയിൽ ഒപ്പിട്ടില്ല ടീച്ചറെ "പ്രതിസന്ധി;

നിങ്ങൾ വേഗം പോയി ഒപ്പിടൂ ക്ലാസ് ഞാൻ നോക്കിക്കോളാം" അനിത ടീച്ചർ സ്വയം സഹായ സംഘമായി

സ്റ്റാഫ് റൂമിൻ്റെ ഓരം ചേർന്ന് പൂച്ച പതുങ്ങും പോലെ ചെന്ന് ഓഫീസിലേക്ക് എത്തിനോക്കി ഡി ഇ ഒ ഇല്ലെന്നുറപ്പാക്കി സുഭാഷിണി ടീച്ചർ കാര്യം സാധിച്ചു. അനിത ടീച്ചറിന്റെ കുരുട്ടുബുദ്ധിയെ മനസാ സ്മരിച്ച് നിർവൃതിയടഞ്ഞു തിരികെ ക്ലാസിൽ എത്തി. വടക്കേ കെട്ടിടത്തിൻ്റെ ഉച്ചിയിലായതിനാലാവാം മേലാപ്പീസർ ദർശനം നൽകാതെ മടങ്ങി.

ഉച്ചക്കഞ്ഞിക്ക് ബെല്ലടിച്ചപ്പോൾ ചർച്ച പൊടിപുരമായി 'മേലാപ്പീസറുടെ 'ദർശനം കിട്ടിയവരുടെ ചുറ്റിലും ആൾക്കൂട്ടം തന്നെ. അനുഭവങ്ങൾ മറ്റുള്ളവരുടെ മനസ്സും ശരീരവും തണുപ്പിച്ചു.
"അല്ലേലും അതങ്ങനാ ടീച്ചറേ കഴിവുള്ളവരുടെ ക്ലാസിലേ ഡി.ഇ.ഒ.വരൂ" അനിത ടീച്ചർ സാഹിത്യം വിളമ്പി, ഒപ്പം ഒരാക്കിയ ചിരിയും?

പ്രഭ ടീച്ചറിനെയും ഷാനി ടീച്ചറിനെയും ഡി.ഇ.ഒ, ഓഫീസിലേക്ക് വിളിപ്പിച്ചല്ലോ, എന്താ കാര്യം, സബിത ടീച്ചറിന് അറഞ്ഞ തീരൂ.

രാവിലെ ഹാജർ പട്ടയിൽ ഹസ്ത മുദ്ര പതിപ്പിച്ചിട്ടില്ല ....ഒപ്പിടാൻ മറന്നു... കാരണം ബോധിപ്പിക്കണം അത്രേയുള്ളൂ. രണ്ടുപേരും വളരെ വിദഗ്ധമായി കാരണം ബോധിപ്പിച്ച് അവിടെ നിന്നും തടി തപ്പി.

"എല്ലാവരും രാവിലെ തന്നെ ഹാജർ പട്ടികയിൽ ഒപ്പിടണം, ടീച്ചിംഗ് നോട്ട് മേശപ്പുറത്ത് വയ്ക്കണം, കുട്ടികളുടെ ഹാജർപട്ടിക കൃത്യമാക്കണം, എന്തെങ്കിലും കുറവ് വന്നാൽ എന്നോട് ചോദിക്കരുത്, അവരവർ തന്നെ സമാധാനം പറഞ്ഞോണം

രണ്ടാഴ്ച്ച മുമ്പ് മേലാപ്പീസറുടെ

സന്ദർശനം ഉണ്ടെന്ന് അറിയിപ്പ്

കിട്ടിയപ്പോൾ മുതൽ ഞാൻ
പറയുന്നതല്ലേ ഇതെല്ലാം
"..തുടർന്നുള്ള സ്റ്റാഫ് മീറ്റിംഗിൽ എച്ച് എം ടീച്ചർ പരിതപിച്ചു. എല്ലാവരും പരസ്പ്പരം നോക്കി അതെ എന്ന് മൗനമായി സമ്മതിച്ചു, ഇന്നുമുതൽ നന്നാവാൻ തീരുമാനിച്ചു 3, എല്ലാവരും വർദ്ധിത വീര്യത്തോടെ ക്ലാസ്സിലേക്ക് .

"എന്നാലും ഈ അനിത ടീച്ചറിന് നല്ല ധൈര്യം തന്ന " ---ഡി ഇ ഒ വന്നെന്ന് കേട്ടട്ട് ഒരു പേടിയും ഇല്ലാന്ന സുഭാഷിണിടീച്ചർ നല്ല അസ്സൽ തിരോന്തോരം ശൈലിയിൽ മൊഴിഞ്ഞു ".
"എനിക്ക് നാലാം പിരീഡ് ഒഴിവായിരുന്നു ടീച്ചർ " അനിത ടീച്ചർ കുസൃതി ചിരിയോടെ സുഭാഷിണി ടീച്ചറെ നോക്കി,
അപ്പോൾ എച്ച് എം ടീച്ചറിന്റെ മേലൊപ്പു പതിയാത്ത ടീച്ചിംഗ് നോട്ട് അനിത ടീച്ചറിന്റെ കയ്യിലിരുന്നൊരു കുസൃതി ചിരി ചിരിക്കുന്നുണ്ടായിരുന്നു!!.

സുനിത ആർ
UPST





# പൊയ്മുഖം

കാലം സാക്ഷിയാണ്,
പൊയ്മുഖങ്ങളഴിഞ്ഞുവീഴും
കാലത്തിനെ മറയ്ക്കുവാൻ
സാധിക്കുമെങ്കിൽ
ദൈവമെന്നസത്യം...
അഹങ്കാരം മനുഷ്യനെ
മത്തുപിടിക്കുമ്പോൾ
കാണാതെ പോകുന്നവനവനെ
തന്നെയും
ജീവനും ജീവിതവും പൊയ്മുഖമല്ല
നാട്യം നടിക്കുന്ന മനുഷ്യനോ?
സുഹൃത്തേ, എല്ലാവരുമല്ല
നാട്യക്കാരെന്നറിയാമെങ്കിലും
മനുഷ്യരായിപ്പോയല്ലോ
പൊയ്മുഖമണിയുന്നവരെന്ന സത്യം
ചിരിക്കുന്ന മുഖത്തെ
കാപട്യമറിയുമ്പോൾ നാമും
വ്യക്തിത്വമില്ലാത്തവരാകുന്നുവോ...
നന്മ തിന്മ നിറഞ്ഞതാണ്
ലോകമെന്നറിയാമെങ്കിലും
പലപ്പോഴും തളരുന്ന
പൊയ്മുഖമണിഞ്ഞ മനുഷ്യ
കാപട്യത്താൽ.....



ലേഖ പ്രഭാകർ
എച്ച് എസ് ടി

# കുസൃതി ചോദ്യങ്ങൾ

1. ശബ്ദം ഉണ്ടാക്കിയാൽ പൊട്ടുന്ന ലെൻസ്?
2. വിശപ്പുള്ള രാജ്യം
3. ധാരാളം ആളുകൾ കൂടുന്ന ഒരു ഇംഗ്ലീഷ് അക്ഷരം ഏതാണ്?
4. തേനീച്ച മൂളുന്നതെന്തുകൊണ്ട്?
5. കണ്ണുള്ളവർക്കും കണ്ണില്ലാത്തവർക്കും ഒരേപോലെ കാണാവുന്നത് എന്ത്?
6. ദൈവം മനുഷ്യന് കൊടുത്ത ഏറ്റവും വലിയ വരം?
7. കണക്കുപുസ്തകം ഒരിക്കലും ഹാപ്പി ആവില്ല എന്തുകൊണ്ട്?
8. വേഗത്തിൽ ഒന്നാമൻ, പേരിൽ രണ്ടാമൻ, സ്ഥാനത്തിൽ മൂന്നാമൻ ആരാണെന്ന് പറയാമോ?
9. ചിരിക്കുന്ന ഇംഗ്ലീഷ് അക്ഷരം ഏതാണ്?
10. വെട്ടുംതോറും നീളം കൂടുന്നത് എന്ത്?
11. കണ്ണൂരിലും ഞാനുണ്ട്..! ബഹിരാകാശത്തും ഞാനുണ്ട്...! കലണ്ടറിലും ഞാനുണ്ട്...! ആരാണ് ഞാൻ...?
12. ഒരാൾ ഒരു മരുഭൂമിയിൽ അകപ്പെട്ടു. അയാളുടെ കൈയ്യിൽ ഒരു തോക്കു മാത്രമേ ഉള്ളൂ. അയാൾ അവിടുന്ന് എങ്ങനെ രക്ഷപ്പെടും?

'

-

## ഉത്തരങ്ങൾ

1. സൈലെൻസ്

2. ഹംഗറി

3. ക്യൂ [Q]

4. അതിനു സംസാരിക്കാൻ പറ്റാത്തത് കൊണ്ട്

5. സ്വപ്നം

6. വിവരം

7. അതിൽ നിറയെ problems ആയതുകൊണ്ട്

8. ക്ലോക്കിലെ സെക്കന്റ് സൂചി

9. ഇ [E]

10. വഴി

11. മലയാളം അക്ഷരം 'ക '

12. അയാളുടെ തോക്കിലെ ബുള്ളറ്റിൽ കേറി രക്ഷപെട്ടു

ഫാഥിയ നാസർ
5B

# അന്വേഷണം

ചില പ്രകാശങ്ങൾ
അതിന്റെ ഉറവിടങ്ങൾ
ഉള്ളിലോ വെളിയിലോ
ആൽമരച്ചോട്ടിലോ
തേടൽ തുടർന്ന് തളരാം
പിന്നെ ഉള്ളിലേയ്ക്ക് നോക്കാം
ഇരുട്ടെങ്കിൽ കണ്ണടയ്ക്കാം
തെളിച്ചം വന്നെങ്കിൽ കണ്ണ് തുറക്കാം
അപ്പോളറിയാം കൂടെയുള്ളവരാണ്
പ്രകാശം എന്നും
അവർ തന്നെ ദൈവവും സത്യവും എന്നും......

അനഘ രാജേഷ്
IX B

# രസതന്ത്രത്തിന്റെ കൗതുകങ്ങൾ

# ഹീലിയം ആറ്റങ്ങൾ ഭൂമിയുടെ ഗുരുത്വാകർഷണത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയുന്നത്ര ഭാരം കുറഞ്ഞതാണ് റോക്കറ്റ് പ്രൊപ്പൽഷനിൽ ഹീലിയം ഉപയോഗിക്കുന്നു

# ലിഥിയം എല്ലാ ലോഹങ്ങളിലും ഏറ്റവും ഭാരം കുറഞ്ഞതും വെള്ളത്തിൽ എളുപ്പത്തിൽ പൊങ്ങിക്കിടക്കുന്നതുമാണ്.

# റേഡിയോ ആക്ടീവ്, ന്യൂക്ലിയർ മൂലകങ്ങൾ യഥാർത്ഥത്തിൽ ഇരുട്ടിൽ തിളങ്ങുന്നു.

# ഖരവും ദ്രാവകവുമായ ഓക്സിജൻ സാധാരണയായി ഇളം നീലയായി കാണപ്പെടുന്നു, പക്ഷേ ചുവപ്പ്, ഓറഞ്ച്, പിങ്ക്, കറുപ്പ് എന്നിവയിലും ഇത് ദൃശ്യമാകും.

# ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മൻകാർ ക്ലോറിൻ വാതകം സഖ്യസേനയിലെ സൈനികർക്ക് വിഷം കൊടുക്കാൻ ഉപയോഗിച്ചു.

# സിങ്ക് ചിലപ്പോൾ ടൂത്ത് പേസ്റ്റിലും ബേബി പൗഡറിലും ഉപയോഗിക്കാറുണ്ട്

# ആവർത്തനപ്പട്ടികയുടെ ഏതാണ്ട് 75 ശതമാനവും ലോഹങ്ങളാൽ നിർമ്മിതമാണ്.

# ഏറ്റവും ചെലവേറിയ മൂലകം യഥാർത്ഥത്തിൽ കാലിഫോർണിയമാണ്. ഇത് നിരവധി വ്യവസായങ്ങളിൽ ഉപയോഗിക്കുന്നു, ഇതിന് ഗ്രാമിന് 2.7 ബില്യൺ ഡോളർ ചിലവാകും!

Rohan Baby
8B

# ലഹരി ജീവന് ആപത്ത്

ഒരു ഇടത്തരം കുടുബത്തിൽ ജനിച്ച സാധുവായ പെൺകുട്ടിയാണ് ആരവി. പഠിത്തത്തിലും കലാകായികത്തിലുമൊക്കെ മുന്നിലായിരുന്നു.നല്ല സ്നേഹത്തിലും സൗഹൃദത്തിലുമാണ് എല്ലാവരോടും പെരുമാറിയിരുന്നത്. പ്രത്യേകിച്ച് സ്കൂളിലെ ചേച്ചിമാരോടും ചേട്ടന്മാരോടും നല്ല സൗഹൃദത്തിലായിരുന്നു. ഒരു ദിവസംസ്കൂളിൽ നിന്നു വീട്ടിലേക്ക് പോകുന്ന സമയത്ത് അവൾക്ക് പരിചയമുള്ള കുറച്ച് ചേച്ചിമാരും , ചേട്ടന്മാരും ഒരു മിഠായി കൊടുത്തു. അവൾക്ക് ആ മിഠായിയുടെ രുചി ഇഷ്ടപ്പെടുകയും പിറ്റേ ദിവസം മുതൽ അവൾ മിഠായി ചോദിച്ച് വാങ്ങുകയും ലഹരിയ്ക്ക് അടിമയായി മാറുകയും ചെയ്തു. അവളുടെ സുഹൃത്തുക്കളോട് പറയുകയും അവരും ആ മിഠായിയ്ക്ക് അടികമകൾ ആവുകയും ചെയ്തു. ടീച്ചർക്ക് സംശയം തോന്നി അവരെ നിരീക്ഷിക്കുകയും, വേണ്ട നടപടികൾ എടുക്കുകയും ചെയ്തു. പക്ഷെ അവരെ എത്ര ശ്രമിച്ചിട്ടും ആർക്കും പിന്തിരിപ്പിക്കാൻ സാധിച്ചില്ല.

ഇതു വെറുമൊരു കഥ മാത്രമല്ല, മയക്കുമരുന്നിനോടുള്ള ആസക്തി ഇപ്പോൾ ലോകമെമ്പാടും യഥാർത്ഥ അപകടകങ്ങളിൽ ഒന്നായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. അത് വ്യക്തിയേയും സമൂഹത്തേയും വളരെ നിശ്ശബ്ദമായി നശിപ്പിക്കുന്നുവെന്ന് മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്.

വൈഗ എം
VII C

# *FUN FACTS ABOUT SWITZERLAND*

**Switzerland was ranked first for the eighth consecutive year, in 2018, as the most innovative country in the world in The Global Innovation Index. From a farming-based economy in 1860 to a land of Start-Ups today, Vaud's economy is now one of Switzerland's biggest and fastest-growing, thanks to its large services sector, focus on niche markets, and diversified manufacturing base.**

**Switzerland is home to numerous mountains which are over 3,000 meters high. A beautiful experience for hikers is the Chamonix-Zermatt Haute Route, a 12-day classic Alpine trek that will bring you straight to the well-recognized Matterhorn. With 48 mountain peaks that are above 4000 meters, Switzerland has more high peaks than any other country in Europe.**

**Longest tunnel in the world, The Gotthard tunnel in Switzerland is the world's longest, measuring 57 kms, or 7 kms longer than the Channel Tunnel between England and France. It took seventeen years to complete. The Gotthard Base Tunnel's principal objective is to boost local transportation capacity through the Alpine barrier.**

**Lowest crime rate, Switzerland is one of the world's safest countries. They have a very low crime rate, with the fact that they have one of the highest rates of gun ownership. Switzerland hasn't had a mass shooting since 2001 when a man stormed in the local parliament in Zug, killed 14 people, and then himself. The country's overall murder rate is nearly zero (at just 45 people per year). And moreover, they are some of the happiest people in the world next to Denmark and Finland.**

**Third happiest country in the world, The notion of liveability is used to determine which places in the globe offer the best or worst living circumstances. Stability, Healthcare, Culture and Environment, Education, and Infrastructure are the five broad categories they look at. Zurich and Geneva are said to be two of the liveliest and livable cities in the world. Switzerland has a strong sense of community and a strong belief that it is a safe and clean country, which is statistically correct. Switzerland, along with Iceland and Denmark, is one of the safest countries in the world.**

**WHO HQ (World Health Organisation Head Quarters)**

The World Health Organization (WHO) is a specialized agency of the United Nations responsible for international public health. It is headquartered in Geneva, Switzerland, and has six regional offices and 150 field offices worldwide. The WHO is governed by the World Health Assembly (WHA), which is composed of its 194 member states. The WHA elects and advises an executive board made up of 34 health specialists; selects the WHO's chief administrator, the director-general (currently Tedros Adhanom Ghebreyesus of Ethiopia) sets goals and priorities; and approves the budget and activities. The WHO is funded primarily by contributions from member states (both assessed and voluntary), followed by private donors. Its total approved budget for 2020–2021 is over $7.2 billion., while the approved budget for 2022–2023 is over $6.2 billion.

Goutham Krishna AP
9B

## ഗണിതശാസ്ത്രത്തിന്റെ ചരിത്രം

ഗണിതശാസ്ത്രത്തിലെ കണ്ടെത്തലുകളുടെ ഉത്ഭവവും ഗണിതശാസ്ത്ര രീതികളും ഭൂതകാലത്തിന്റെ നൊട്ടേഷനും ഗണിതശാസ്ത്രത്തിന്റെ ചരിത്രം കൈകാര്യം ചെയ്യുന്നു. ആധുനിക യുഗത്തിനും ലോകമെമ്പാടുമുള്ള അറിവിന്റെ വ്യാപനത്തിനും മുമ്പ്, പുതിയ ഗണിതശാസ്ത്ര വികാസങ്ങളുടെ രേഖാമൂലമുള്ള ഉദാഹരണങ്ങൾ ചില പ്രദേശങ്ങളിൽ മാത്രമേ വെളിച്ചം കണ്ടിട്ടുള്ളൂ. ബിസി 3000 മുതൽ മെസൊപ്പൊട്ടേമിയൻ സംസ്ഥാനങ്ങളായ സുമർ, അക്കാദ്, അസീറിയ, പുരാതന ഈജിപ്ത്, ലെവന്റൈൻ സംസ്ഥാനമായ എബ്ല എന്നിവ നികുതി, വാണിജ്യം, വ്യാപാരം, പ്രകൃതിയിലെ പാറ്റേണുകൾ എന്നിവയ്ക്കായി ഗണിതവും ബീജഗണിതവും ജ്യാമിതിയും ഉപയോഗിക്കാൻ തുടങ്ങി. ജ്യോതിശാസ്ത്രവും സമയം രേഖപ്പെടുത്താനും കലണ്ടറുകൾ രൂപപ്പെടുത്താനും.

ലഭ്യമായ ഏറ്റവും പഴയ ഗണിതശാസ്ത്ര ഗ്രന്ഥങ്ങൾ മെസൊപ്പൊട്ടേമിയയിൽ നിന്നും ഈജിപ്തിൽ നിന്നുമാണ് - പ്ലിംപ്ടൺ 322 (ബാബിലോണിയൻ 2000 - 1900 ബിസി), റിൻഡ് മാത്തമാറ്റിക്കൽ പാപ്പിറസ് (ഈജിപ്ഷ്യൻ സി. 1800 ബിസി), മോസ്കോയിലെ ഗണിതശാസ്ത്രം സി.ബി.സി. 8. . ഈ ഗ്രന്ഥങ്ങളെല്ലാം പൈതഗോറിയൻ ട്രിപ്പിൾസ് എന്ന് വിളിക്കപ്പെടുന്നവയെ പരാമർശിക്കുന്നു, അതിനാൽ, അടിസ്ഥാന ഗണിതത്തിനും ജ്യാമിതിക്കും ശേഷമുള്ള ഏറ്റവും പുരാതനവും വ്യാപകവുമായ ഗണിതശാസ്ത്ര വികാസമാണ് പൈതഗോറിയൻ സിദ്ധാന്തം എന്ന് തോന്നുന്നു.

ബിസി ആറാം നൂറ്റാണ്ടിൽ ഗണിതശാസ്ത്രത്തെ ഒരു "പ്രകടനശാസ്ത്രം" എന്ന നിലയിൽ പഠിക്കാൻ തുടങ്ങിയത് പൈതഗോറിയൻമാരിൽ നിന്നാണ്, അവർ "പ്രബോധന വിഷയം" എന്നർത്ഥമുള്ള പുരാതന ഗ്രീക്ക് (ഗണിതം) ൽ നിന്ന് "ഗണിതം" എന്ന പദം ഉപയോഗിച്ചു. ഗ്രീക്ക് ഗണിതശാസ്ത്രം രീതികളെ വളരെയധികം പരിഷ്കരിച്ചു (പ്രത്യേകിച്ച് തെളിവുകളിൽ ഡിഡക്റ്റീവ് റീസണിംഗും ഗണിതശാസ്ത്രപരമായ കാഠിന്യവും അവതരിപ്പിക്കുന്നതിലൂടെ) കൂടാതെ ഗണിതത്തിന്റെ വിഷയം വിപുലീകരിക്കുകയും ചെയ്തു. സൈദ്ധാന്തിക ഗണിതത്തിന് ഫലത്തിൽ യാതൊരു സംഭാവനയും നൽകിയില്ലെങ്കിലും,

പുരാതന റോമാക്കാർ സർവേയിംഗ്, സ്ട്രക്ചറൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ബുക്ക് കീപ്പിംഗ്, ചാന്ദ്ര-സൗര കലണ്ടറുകൾ സൃഷ്ടിക്കൽ, കല, കരകൗശലങ്ങൾ എന്നിവയിൽ പ്രായോഗിക ഗണിതശാസ്ത്രം ഉപയോഗിച്ചു. ചൈനീസ് ഗണിതശാസ്ത്രം ആദ്യകാല സംഭാവനകൾ നൽകി, ഒരു സ്ഥാന മൂല്യ വ്യവസ്ഥയും നെഗറ്റീവ് സംഖ്യകളുടെ ആദ്യ ഉപയോഗവും ഉൾപ്പെടുന്നു.

ഇന്ന് ലോകമെമ്പാടും ഉപയോഗത്തിലുള്ള ഹിന്ദു-അറബിക് സംഖ്യാ സമ്പ്രദായവും അതിൻ്റെ പ്രവർത്തനങ്ങളുടെ ഉപയോഗത്തിനുള്ള നിയമങ്ങളും ഇന്ത്യയിലെ ആദ്യ സഹസ്രാബ്ദ കാലഘട്ടത്തിൽ പരിണമിച്ചു, മുഹമ്മദ് ഇബ്നു മൂസയുടെ പ്രവർത്തനത്തിലൂടെ ഇസ്ലാമിക ഗണിതശാസ്ത്രത്തിലൂടെ പാശ്ചാത്യ ലോകത്തേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. അൽ-ഖ്വാരിസ്മി. ഇസ്ലാമിക ഗണിതശാസ്ത്രം, ഈ നാഗരികതകൾക്ക് അറിയാവുന്ന ഗണിതശാസ്ത്രത്തെ വികസിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്തു. മെക്സിക്കോയിലെയും മധ്യ അമേരിക്കയിലെയും മായ നാഗരികത വികസിപ്പിച്ചെടുത്ത ഗണിതശാസ്ത്രമാണ് ഈ പാരമ്പര്യങ്ങളുമായി സമകാലികവും എന്നാൽ സ്വതന്ത്രവുമായത്, അവിടെ പൂജ്യം എന്ന ആശയത്തിന് മായ സംഖ്യകളിൽ ഒരു സ്റ്റാൻഡേർഡ് ചിഹ്നം നൽകിയിരുന്നു.

ഗണിതശാസ്ത്രത്തെക്കുറിച്ചുള്ള നിരവധി ഗ്രീക്ക്, അറബി ഗ്രന്ഥങ്ങൾ പന്ത്രണ്ടാം നൂറ്റാണ്ട് മുതൽ ലാറ്റിനിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു, ഇത് മധ്യകാല യൂറോപ്പിൽ ഗണിതശാസ്ത്രത്തിൻ്റെ കൂടുതൽ വികാസത്തിലേക്ക് നയിച്ചു. പുരാതന കാലം മുതൽ മധ്യകാലഘട്ടം വരെ, ഗണിതശാസ്ത്ര കണ്ടുപിടുത്തത്തിൻ്റെ കാലഘട്ടങ്ങൾ പലപ്പോഴും നൂറ്റാണ്ടുകളുടെ സ്തംഭനാവസ്ഥയ്ക്ക് ശേഷമായിരുന്നു. 15-ആം നൂറ്റാണ്ടിൽ നവോത്ഥാന ഇറ്റലിയിൽ ആരംഭിച്ച്, പുതിയ ഗണിതശാസ്ത്ര വികാസങ്ങൾ, പുതിയ ശാസ്ത്ര കണ്ടുപിടുത്തങ്ങളുമായി സംവദിച്ചു, വർദ്ധിച്ചുവരുന്ന വേഗതയിൽ സംഭവിച്ചു, അത് ഇന്നും തുടരുന്നു. 17-ാം നൂറ്റാണ്ടിൽ അനന്തമായ കാൽക്കുലസ് വികസിപ്പിക്കുന്നതിൽ ഐസക് ന്യൂട്ടൻ്റെയും ഗോട്ട്ഫ്രൈഡ് വിൽഹെം ലെയ്ബ്നിസിൻ്റെയും തകർപ്പൻ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

Pranav p

8C

# കുഞ്ഞറിവുകൾ

## രസികൻ വാക്കുകൾ

**Bookkeeper , Bookkeeping**

മൂന്ന് അക്ഷരങ്ങൾ വീതം അടുത്തടുത്ത് വരുന്ന രണ്ടു ഇംഗ്ലീഷ് വാക്കുകളാണിവ

## പ്രായം കൂടിയ സർവകലാശാല

ലോകത്ത് തുടർച്ചയായി പ്രവർത്തിക്കുന്ന ഒാറ്റവും പഴക്കം ചെന്ന സർവകലാശാല ഇറ്റലിയിലെ ബലോണിയിലാണ്. 1088 – ൽ പ്രവർത്തനമാരംഭിച്ച സർവകലാശാലക്ക് ഇപ്പോൾ പ്രായം 935 !

## ഉൾക്കടലുകളിലെ ഒന്നാമൻ

ഉൾക്കടലുകളിൽ (Bay) ഏറ്റവും വലുപ്പം ബംഗാൾ ഉൾക്കടലനാണ് (Bay of Bengal) 21,73,000 ചതുരശ്ര കിലോമീറ്ററാണ് ഇതിന്റെ വിസ്തീർണം

## വാക്കു വന്ന വഴി

സഹാറ എന്ന വാക്കുണ്ടായത് സഹ്റ എന്ന അറബിവാകിൽനിന്നാണ് . മരുഭൂമി എന്നാണ് ഈ വാകിന്റെ അർഥം .

## റെക്കോർഡ്

ലോകത്തിലെ ഏറ്റവും വലിയ സ്വർണക്കട്ട ജപ്പാനിലെ ടോയ് ഗോൾഡ് മ്യൂസിയത്തിലെ സൂക്ഷിച്ചിരിക്കുന്നു .250 കിലോഗ്രാം ഭാരമുള്ള ഇതിന് ഒരു ഷൂബോക്സിന്റെ വലിപ്പമേ ഒള്ളു

## ആനപ്പുസ്തകം

ലോകത്തിലെ ഏറ്റവും വലുപ്പമുള്ളപുസ്തകമാണ് സൂപ്പർ ബുക്ക് . ഒമ്പതടിയാണ് ഇതിന്റെ ഉയരം.

ഇന്ത്യ സ്വന്തമായി നിർമ്മിച്ച ആദ്യ വിമാന വാഹിനിക്കപ്പലാണ് ഐ എൻ എസ് വിക്രാന്ത്.കൊച്ചി കപ്പൽ നിർമാണശാലയിൽ നിർമ്മിച്ച കപ്പലിന് ഇന്ത്യയുടെ ആദ്യ വിമാനവാഹിനിയായിരുന്ന. ഐ എൻ എസ് വിക്രത്തിന്റെ തന്നെ പേരിടുകയായിരുന്നു. 'വിക്രാന്ത്' എന്ന സംസ്കൃത വാക്കിന്റെ അർഥം ധൈര്യം എന്നാണ്. 2022 സെപ്തംബര് 22ന് കമ്മിഷൻ ചെയ്തു

പച്ചകറികളോടു പേടിയുള്ളവരുണ്ട്. ഈ പേടിയുടെ പേരാണ് ലാക്കനോഫോഫിയ [Lachanophobia].

**ആകാശത്തെ വാൽ**

പറക്കുന്ന വഴിയിൽ വിമാനം വരയ്ക്കുന്ന പുകവരയ്ക്കു ഒരു പേരുണ്ട്- "കോൺട്രെയിൽ".

മഞ്ഞ നിറത്തോടുള്ള പേടിയുടെ പേരാണ് സാന്തോഫോബിയ[Xanthophobia]. 'സാന്ത്', എന്ന ഗ്രീക്ക് വാക്കിന്റെ അർഥം മഞ്ഞ എന്നാണ്.

ഓരോ രാജ്യത്തിന്റെയും സൈനിക ശക്തി കണക്കാക്കുന്നത് പവർ ഇൻഡക്സ് സ്കോർ നോക്കിയാണ്. .പവർ ഇൻഡക്സ് സ്കോർ പൂജ്യത്തിനോട് അടുക്കുംതോറും ആ രാജ്യത്തിന്റെ സൈനിക ശക്തിയും വർധിക്കുന്നു.

Anoj GS
10B





















# SCHOOL ACTIVITIES


FREEDOM FEST 2023
FREE SOFTWARE
Some FREE OS
FREE
Some Proprietary
ലോക
ദിനം
Signature Campaign
LiFE
Lifestyle for Environment
ECO CLUB
GHSS,RAMAPURAM
പരിസ്ഥിതി


1st Polling Officer
Presiding Officer
First polling officer
SCHOOL PARLIAMENT
2023-24


Mariner's Compass
Globe












IT Sub District Over All

# Poem

## ***Still Alone***

In the little world am alone; I meet different people but no one stay with me...
Yesterday, Today, Tomorrow Am alone. In the little world am alone;

## ***The beauty of Nature***

In the earth we have seen the beauty of Nature; The beautiful water falls lovely flowing upon the
The birds are are sing like the singers and flowers are dancing ike the dancers .
Yeah …...!!! we have seen the "Beauty of nature"

Ganga.R
9B

# *Polygonal numbers*

Polygonal numbers are numbers representing dots that are arranged into a geometrical figure. The concept of Polygonal numbers was firstly introduced by the greek mathematician Hypsicles in the year 170 BC. By visualising numbers as geometrical shapes he discovered many utilised properties of a triangle vastly used in today's geometry. A modern use of polygonal numbers is found in Pascal's triangle. It has clear roots to the triangular numbers in the way the numbers are geometrically arranged. The only modification that it implements is that numbers are represented are as the points constructing the triangle instead of dots. An example of pascal's triangle is given,

1

1 1

121

1331

14641

15101051

Fermat was another great mathematician who developed theories in the world of polygonal numbers. He proposed that all whole numbers could be represented as the sum of three triangular numbers or less.

The basic formula for deriving the $n^{th}$-agonal is $Pa(n) = \frac{n[2+(n-1)(a-2)]}{2}$

thus, it implies general formula for all polygonal numbers
There are various formulas for different polygonal numbers such as triangular, square, pentagonal, hexagonal etc...

Polygonal numbers has been meticulously studied since their very beginnings in ancient Greece. Numerous discoveries has been stemmed from these polygonal numbers which are the ground work of number theories today. With the finding of Pascal's triangle and Fermat's triangular number theories, polygonal numbers has now become a popular field of research for mathematicians

Gowri Nandana
9B

# കുഞ്ഞിളം കാറ്റ്

കുഞ്ഞിളം കാറ്റേ നിയെന്തേ
കൂട്ടരോടൊത്തു കളിക്കാത്തേ
ചെമ്പകപ്പൂവിൻ സുഗന്ധവും പേറി
ചെത്തിമരച്ചോട്ടിലിലെത്താത്തേ
നേരം വെളുക്കുമ്പം നിന്നെ ഉണർത്തുവാൻ
നേരിന്റെ സ്പർശമായ് അമ്മയില്ലേ
മടിയാതെ പുസ്തകത്താളു മറിക്കുമ്പോൾ
മടിയിലിരുത്തുവാൻ അച്ഛനില്ലേ
കൊഞ്ചിക്കുഴഞ്ഞു കുറുമ്പ് കാട്ടിടുമ്പോൾ
കൊഞ്ഞനം കുത്തും നിൻ കുഞ്ഞേച്ചി .
നേരം കളയാതെ പാടവരമ്പത്തു
മൂളിവാ കാറ്റേ നീ ചങ്ങാതി ....

Devanarayanan
6C

# എന്റെ വിദ്യാലയം

എനിക്ക് സ്വന്തമാണെന്റെ വിദ്യാലയം
എനിക്ക് അഭിമാനമാണെന്റെ വിദ്യാലയം.
എന്റെ ബാല്യത്തിന്റെ ദീപ്തസ്മരണയിൽ
എന്നുമീ വിദ്യാലയം തന്നെ മുന്നിൽ
ഒന്നിച്ചിരിക്കാൻ, കളിക്കാൻ,പഠിക്കാൻ
കൂട്ടുകാരെന്നും  കൂടെയുണ്ടല്ലോ
ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ടെന്ന്
കാട്ടിത്തരുന്നവർ തന്നെയെൻ കൂട്ടുകാർ
അദ്ധ്യാപകരോ അറിവുചൊല്ലിത്തരുന്നവർ
വിദ്യാലയത്തിലെ   മാതാപിതാക്കൾ താൻ
തെറ്റുകണ്ടാൽ ചെറു ശിക്ഷ നല്കിടുമ്പോൾ
വേദനിക്കാറില്ലൊരിക്കലും ഞങ്ങൾക്ക്
ഞങ്ങൾ തൻ നന്മയല്ലാതൊന്നവർക്കില്ല
ലക്ഷ്യമായുള്ളതേ ഞങ്ങൾ ഗ്രഹിക്കുന്നു
ഞങ്ങൾ തൻ കൂട്ടുകുടുംബത്തിന്റെ
ഉന്നതിക്കായി ഞങ്ങൾളൊന്നു ചേരും.



എബിൻ കെ മാത്യൂ
8A

e-അരങ്ങിന്റെ പണിപ്പുരയിൽ
സമയ പരിധി ഇല്ലാതെ പ്രവർത്തിച്ച
ലിറ്റിൽ കൈറ്റ്സ്-ന്റെ മിടുക്കരായ
മക്കൾക്കും മാഗസിനിലേക്ക് സൃഷ്ടികൾ
സമ്മാനിച്ച ഓരോത്തർക്കും
ഹൃദയംനിറഞ്ഞ ആശംസകൾ
അർപ്പിച്ചവർക്കും അകമഴിഞ്ഞ
പ്രോത്സാഹനം നല്കിയവർക്കും
വാക്കുകൾക്ക് അതീതമായ നന്ദി
പ്രകാശിപ്പിക്കുന്നു.

നന്ദി.